03
2024
ജൂൺ
തിങ്കൾ
ഇടവം 20

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram | web: www.nauticaltimesmedia.com | Volume-5, Issue No.197 Page 4, | Price: Rs. 2 | പുസ്തകം-5 ലക്കം-197 | പേജ് 4. വില 2.00 രൂപ




02 അടുത്ത മണിക്കൂറുകളിൽ ഒറ്റപ്പെട്ടയിടങ്ങളിൽ മഴയെത്തും; നാലു ജില്ലകളിൽ സാധ്യത

03 അരുണാചലിൽ ബിജെപി അധികാരത്തിൽ

04 മോദിയുടെ ഗാന്ധി നിന്ദയ്ക്കെതിരെ സാംസ്കാരിക പ്രവർത്തകരുടെ പ്രതിഷേധം

# എക്സിറ്റ്പോൾ തള്ളി എൽഡിഎഫും യുഡിഎഫും

**സ്വന്തം ലേഖകൻ**

തിരുവനന്തപുരം : കേരളത്തിൽ അക്കൗണ്ട് തുറക്കുക ലക്ഷ്യമിട്ട് പ്രധാനമന്ത്രി നരേന്ദ്ര മോദി തന്നെയായിരുന്നു തിരഞ്ഞെടുപ്പ് പ്രചാരണ പ്രവർത്തനങ്ങളിൽ മുന്നിട്ട് നിന്നത്. രണ്ട് കേന്ദ്രമന്ത്രിമാരടക്കം മൂന്ന് ബി.ജെ.പി എം.പിമാരെ രംഗത്തിറക്കി ജീവൻമരണ പോരാട്ടമായിരുന്നു ഇത്തവണ എൻ.ഡി.എ കേരളത്തിൽ നടത്തിയത്. തിരുവനന്തപുരവും തൃശ്ശൂരും ആലത്തൂരും ആറ്റിങ്ങലും പത്തനംതിട്ടയിലുമടക്കം കാടിളക്കി നടത്തിയ തിരഞ്ഞെടുപ്പ് പ്രചാരണം വെറുതെയാവില്ലെന്ന് വിശ്വസിക്കുന്നു എക്സിറ്റ്പോൾ ഫലത്തോടെ ബി.ജെ.പി നേതൃത്വം. തൃശ്ശൂരിലും പാലക്കാടും പത്തനംതിട്ടയിലും തിരുവനന്തപുരത്തുമായി പല തവണ കേരളത്തിലെത്തി റാലികൾ നടത്തി. സ്ഥാനാർഥിക്ക് വോട്ട് എന്നിതനപ്പുറം മോദിക്ക് വോട്ട് എന്ന തരത്തിൽ ബി.ജെ.പി പ്രചാരണ പ്രവർത്തനങ്ങൾ ചൂട് പിടിപ്പിച്ചു. തൃശ്ശൂർ മണ്ഡലത്തിലടക്കം സ്ഥാനാർഥിയുടെ പോസ്റ്ററുകളേക്കാളും ഹോഡിങ്ങുകളേക്കാളും നിറഞ്ഞ് നിന്നത് മോദി തന്നെയായിരുന്നു. ഇത് ഗുണം ചെയ്തുവെന്നതിന്റെ സൂചനയാണ് എക്സിറ്റ് പോൾ ഫലങ്ങളെന്നും ബി.ജെ.പി വിലയിരുത്തുന്നു.

ഇന്ത്യാ മുന്നണിയുടെ ഭാഗമായിട്ടും എൽ.ഡി.എഫും യു.ഡി.എഫും പരസ്പരം ഏറ്റുമുട്ടിയതിന്റ ഗുണം തങ്ങൾക്ക് ലഭിച്ചുവെന്നാണ് ബി.ജെ.പി കരുതുന്നത്. ഇതിന് പുറമെ സംസ്ഥാന സർക്കാരിനെതിരേയുള്ള ഭരണ വിരുദ്ധ വികാരവും വോട്ടായിട്ടുണ്ടെന്ന് ബി.ജെ.പി കണക്ക് കൂട്ടുന്നു. ബി.ജെ.പി എ.പ്ലസ് മണ്ഡലമായി കണക്കാക്കിയ തൃശ്ശൂരിൽ മുരളീധരന്റെ അപ്രതീക്ഷിത സ്ഥാനാർഥിത്വത്തിലൂടെ കോൺഗ്രസിനുള്ളിൽ ഉടലെടുത്ത പടലപ്പിണക്കത്തിലും ബി.ജെ.പി കണ്ണുവെച്ചിട്ടുണ്ട്. മാത്രമല്ല ക്രിസ്ത്യൻ വിഭാഗങ്ങളിലടക്കം ബി.ജെ.പിയോടുണ്ടായിരുന്ന തൊട്ടുകൂടായ്മയ്ക്ക് മാറ്റം വന്നതും പല മണ്ഡലങ്ങളിലും തങ്ങൾക്ക് ഗുണം ചെയ്തുവെന്ന് ബി.ജെ.പി കണക്കൂകൂട്ടുന്നു. എന്നാൽ എക്സിറ്റ് പോൾ ഫലങ്ങളെ ആപ്പാടെ തള്ളുകയാണ് ഇടത് വലത് മുന്നണികൾ.

എക്സിറ്റ്പോൾ ഫലം കണ്ട് വി.മുരളീധരൻ ബോധം കെട്ടുകാണുമെന്നായിരുന്നു കെ.മുരളീധരന്റെ പ്രതികരണം. സുരേഷ്ഗോപിക്ക് തൃശ്ശൂരിൽ രണ്ടാം സ്ഥാനമെങ്കിലും ലഭിച്ചാൽ അതിന് ഉത്തരവാദി പിണറായി വിജയനായിരിക്കും. കേരളത്തിൽ ബി.ജെ.പിക്ക് കോഴിമുട്ടയുടെ ആകൃതിയായിരിക്കും കിട്ടുകയെന്നും കെ.മുരളീധരൻ പ്രതികരിച്ചു.

ബി.ജെ.പി പറഞ്ഞതിന് അനുസരിച്ചുള്ള ഫലങ്ങളാണ് പുറത്തുവന്നിരിക്കുന്നതെന്നും ഇതിൽ രാഷ്ട്രീയ ലക്ഷ്യമുണ്ടെന്നുമായിരുന്നു എൽ.ഡി.എഫ് കൺവീനർ ഇ.പി ജയരാജന്റെ പ്രസ്താവന. കേരളത്തിൽ ബി.ജെ.പി അക്കൗണ്ട് തുറക്കാനുള്ള സാധ്യതയില്ലെന്നും ഇ.പി പറഞ്ഞു.

എക്സിറ്റ് പോളുകൾ തയ്യാറാക്കിയവർക്ക് ഭ്രാന്താണെന്ന് പറഞ്ഞ് സി.പി.എം സംസ്ഥാന സെക്രട്ടറി എം.വി ഗോവിന്ദനും ഫലങ്ങളെ തള്ളി. കേരളത്തിലെ ബി ജെ പി നേതാക്കൾ പോലും നടക്കുമെന്ന് കരുതാത്ത കാര്യമാണ് ഇതെന്നും എം വി ഗോവിന്ദൻ പ്രതികരിച്ചു.

തെക്കേ ഇന്ത്യയിലേക്ക് ബി.ജെ.പി കടന്നുകയറുന്നതിന്റെ സൂചനകളാണ് എക്സിറ്റ്പോൾ ഫലങ്ങൾ നൽകുന്നത്. സംസ്ഥാന ഭരണമില്ലാതിരുന്നിട്ട് പോലും കർണാടകയിൽ ബി.ജെ.പി വൻ മുന്നേറ്റം നടത്തുമെന്ന പ്രവചനങ്ങൾ എത്രകണ്ട് ശരിയാകുമെന്ന് കണ്ടറിയണം. കേരളവും ഈ തരംഗത്തിന്റെ ഭാഗമാവുമെന്നാണ് ബി.ജെ.പി സംസ്ഥാന നേതൃത്വം കരുതുന്നത്.

പുറത്തുവന്ന പ്രധാന 13 എക്സിറ്റ്പോളുകളും ഒന്നു മുതൽ മൂന്ന് വരെ സീറ്റാണ് കേരളത്തിൽ ബി.ജെ.പിക്ക് പ്രവചിക്കുന്നത്. കഴിഞ്ഞ തവണ എൻ.ഡി.എയ്ക്ക് 353 സീറ്റ് പ്രവിചിച്ച ഇന്ത്യാടുഡെ ആക്സിസ് മൈ ഇന്ത്യ ഇത്തവണ 361 മുതൽ 401 സീറ്റുവരെ എൻ.ഡി.എയ്ക്ക് പ്രവചിക്കുമ്പോൾ കേരളത്തിൽ രണ്ട് മുതൽ മൂന്നുവരെ സീറ്റാണ് പ്രവചിച്ചിരിക്കുന്നത്.

അതേപോലെ കഴിഞ്ഞ തവണ 350 സീറ്റ് എൻ.ഡി.എയ്ക്ക് ലഭിക്കുമെന്ന് പ്രവചിച്ച ചാണക്യ ഇത്തവണ 400 സീറ്റ് ദേശീയതലത്തിലും നാല് സീറ്റ് കേരളത്തിലും പ്രവചിക്കുന്നുണ്ട്. 2019 ൽ ദേശീയ തലത്തിൽ ഈ രണ്ട് സർവേ ഫലങ്ങളും ഏകദേശം ശരിയായിരുന്നുവെന്നതാണ് കേരളത്തെ സംബന്ധിച്ച് ബി.ജെ.പി നേതൃത്വത്തെ ആത്മവിശ്വാസത്തിലാക്കുന്നത്.

# ഇന്ത്യയിലെ തെരഞ്ഞെടുപ്പുകളും അതിലൂടെ പൊടിക്കുന്ന കോടികളും

മോഹൻ ശ്രീശൈലം




ലോകത്തെ ഏറ്റവും വലിയ ജനാധിപത്യ പ്രക്രിയയാണ് ഇന്ത്യയിലെ ലോക്സഭാ തെരഞ്ഞെടുപ്പ്. ചെലവഴിക്കുന്ന പണത്തിന്റെ കാര്യത്തിലും ഇത് മുന്നിൽത്തന്നെ. 1.35 ലക്ഷം കോടിയാണ് തെരഞ്ഞെടുപ്പിൽ ചെലവഴിക്കപ്പെടുന്നതെന്നാണ് സെന്റർ ഫോർ മീഡിയ സ്റ്റഡീസിന്റെ പഠനത്തിലൂടെ വെളിപ്പെടുത്തിയിരിക്കുന്നത്. ഇതിൽ തെരഞ്ഞെടുപ്പു കമ്മിഷൻ ചെലവഴിക്കുന്ന 2000 കോടിയടക്കം 4000 കോടിയേ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ചെലവാകുന്നുള്ളൂ. ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ്, വോട്ടിങ് യന്ത്രം, പോളിങ് ബൂത്ത് തുടങ്ങിയവയുടെ സജ്ജീകരണം തുടങ്ങിയ ചെലവുകളെല്ലാമുൾപ്പെടെയാണിത്. ബാക്കി തുക സ്ഥാനാർഥികളും രാഷ്ട്രീയപാർട്ടികളും കൂടി പ്രചരണത്തിനായി ഒഴുക്കുന്നതാണ്.ഒന്നാം ലോക്സഭാ തെരഞ്ഞെടുപ്പിൽ 16 കോടി രൂപയാണ് ആകെ ചെലവായത്.

തിരഞ്ഞെടുക്കപ്പെടുന്ന ഫെഡറൽ ഭരണകൂടമുള്ള രാജ്യമാണ് ഇന്ത്യ. ഫെഡറൽ തലത്തിലും സംസ്ഥാനതലത്തിലും പ്രാദേശികമായും ജനപ്രതിനിധികൾ തിരഞ്ഞെടുക്കപ്പെടുന്നുണ്ട്. ദേശീയതലത്തിൽ ഭരണകൂടത്തിന്റെ തലവനായ, പ്രധാനമന്ത്രിയെ പാർലമെന്റിന്റെ അധോസഭയായ ലോകസഭയിലെ അംഗങ്ങളാണ് തിരഞ്ഞെടുക്കുന്നത്.

ലോക്സഭയിലെ രണ്ടംഗങ്ങളെ പ്രസിഡന്റിന് നാമനിർദ്ദേശം ചെയ്യാമെങ്കിലും ബാക്കിയെല്ലാ അംഗങ്ങളെയും നേരിട്ട് പൊതു തിരഞ്ഞെടുപ്പുവഴിയാണ് തിരഞ്ഞെടുക്കുന്നത്. സാർവ്വത്രികമായ പ്രായപൂർത്തി വോട്ടെടുപ്പിലൂടെ അഞ്ചുവർഷത്തിലൊരിക്കലാണ് അംഗങ്ങളെ തിരഞ്ഞെടുക്കുന്നത്. പാർലമെന്റിന്റെ ഉപരിസഭയായ രാജ്യസഭയിലെ അംഗങ്ങളെ സംസ്ഥാന നിയമസഭകളിലെയും കേന്ദ്രഭരണപ്രദേശങ്ങളിലെയും തിരഞ്ഞെടുക്കപ്പെട്ടം അംഗങ്ങൾക്കിടയിൽ വോട്ടെടുപ്പ് നടത്തിയാണ്.

2009ൽ തിരഞ്ഞെടുപ്പിൽ 71.4 കോടി ആൾക്കാർക്ക് വോട്ടവകാശമുണ്ടായിരുന്നു. (ഇത് യൂറോപ്യൻ യൂണിയനിലെയും അമേരിക്കയിലെയും വോട്ടവകാശമുള്ളവരുടെ എണ്ണത്തേക്കാൾ കൂടുതലാണ് 30 കോടി ഡോളറോളമാണ് അതായത് ഇന്ത്യൻ രൂപയിൽ 135 കോടി ( അന്നത്തെ വിനിമയ നിൽക്കുപ്രകാരം )തിരഞ്ഞെടുപ്പിന്റെ ചിലവ്. 10 ലക്ഷത്തിലധികം ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രങ്ങൾ തിരഞ്ഞെടുപ്പിൽ ഉപയോഗിക്കപ്പെടും.

വോട്ടവകാശമുള്ള ഇത്രയധികം ജനങ്ങളുള്ളതുകാരണം തിരഞ്ഞെടുപ്പ് ഒന്നിലധികം ഘട്ടങ്ങളായാണ് നടത്തപ്പെടുന്നത് (2004ലെ പൊതുതിരഞ്ഞെടുപ്പിൽ നാലു ഘട്ടങ്ങളാണുണ്ടായിരുന്നതെങ്കിൽ 2009ലെ പൊതുതിരഞ്ഞെടുപ്പിൽ അഞ്ച് ഘട്ടങ്ങളുണ്ടായിരുന്നു).

ഇന്ത്യയിലെ തിരഞ്ഞെടുപ്പ് കമ്മീഷൻ തിരഞ്ഞെടുപ്പ് തീയതികൾ പ്രഖ്യാപിക്കുന്നതുമുതൽ തിരഞ്ഞെടുപ്പ് ഫലം പ്രഖ്യാപിക്കുന്നതുവരെ വളരെ നീണ്ട പ്രക്രീയയാണിത്.

തിരഞ്ഞെടുപ്പ് ചിലവുകളിൽ ഇന്ത്യ ഒന്നാമതെത്തുമോ? രാഷ്ട്രീയ പാർട്ടികൾ തിരഞ്ഞെടുപ്പിൽ പണം ഒഴുക്കുന്നത് എവിടെയാണ് ? ഇതാ ഞെട്ടിപ്പിക്കുന്ന കണക്കുകൾ

2019ൽ 1,142 കോടി രൂപയാണ് ബിജെപി ചിലവഴിച്ചത്. അതേസമയം 626 കോടിയിലധികം രൂപയാണ് കോൺഗ്രസ് ചിലവഴിച്ചത്.

സ്വതന്ത്ര ഇന്ത്യയിൽ ആദ്യ പൊതുതെരഞ്ഞെടുപ്പ് നടന്നപ്പോൾ ഏകദേശം 10.5 കോടി രൂപയാണ് തിരഞ്ഞെടുപ്പ് കമ്മീഷൻ ചിലവഴിച്ചത്. എന്നാൽ ഇപ്പോൾ കാര്യങ്ങൾ ഒരുപാട് മാറിയിരിക്കുന്നു. ഇപ്പോൾ പൊതുതിരഞ്ഞെടുപ്പ് നടത്താൻ ആയിരക്കണക്കിന് കോടി രൂപയാണ് ചെലവഴിക്കുന്നത്. ഇത് തിരഞ്ഞെടുപ്പ് കമ്മീഷന്റെ ചെലവ് മാത്രമാണ്. എന്നാൽ ഇതോടൊപ്പം രാഷ്ട്രീയ പാർട്ടികളുടെയും സ്ഥാനാർത്ഥികളുടെയും ചെലവുകൾ കൂടി ചേർത്താൽ അത് വലിയ സംഖ്യാണ്.

വാസ്തവത്തിൽ, തിരഞ്ഞെടുപ്പിൽ വിജയിക്കാൻ രാഷ്ട്രീയ പാർട്ടികളും സ്ഥാനാർത്ഥികളും പണം വാരിയെറിയുന്നുണ്ട്. സ്ഥാനാർത്ഥികളുടെ ചിലവിന് തിരഞ്ഞെടുപ്പ് കമ്മീഷൻ പരിധി നിശ്ചയിച്ചിട്ടുണ്ടെങ്കിലും പാർട്ടികൾക്ക് നിയന്ത്രണമില്ല.

ഇന്ത്യയിൽ നടക്കുന്ന ലോക്സഭാ തിരഞ്ഞെടുപ്പ് ലോകത്തിലെ ഏറ്റവും ചിലവേറിയ തിരഞ്ഞെടുപ്പായി മാറുന്നതിന്റെ കാരണം ഇതാണ്. കഴിഞ്ഞ ഏതാനും പൊതുതെരഞ്ഞെടുപ്പുകളിൽ ചിലവഴിച്ച തുക പല രാജ്യങ്ങളുടെയും ജിഡിപിക്ക് തുല്യമാണ്.

ജനാധിപത്യത്തിന്റെ ആഘോഷവും ഉത്സവുമാണ് തിരഞ്ഞെടുപ്പ്. ഈ ലേഖനം പ്രസിദ്ധീകരിചു വരുമ്പോഴെക്കും 18ാം ലോകസഭയിലേക്കുള്ള തിരഞ്ഞെടുപ്പിന്റെ ഫലം അറിഞ്ഞു കഴിഞ്ഞിട്ടുണ്ടയിരിക്കും .കാശ്മീർ മുതൽ കന്യാകുമാരി വരെയും കച്ച് മുതൽ അഗർത്തല വരെയുമുള്ള ഇന്ത്യയിലെ 97 കോടി വോട്ടർമാർ ചുട്ടു പൊള്ളുന്ന ഏപ്രിൽ, മെയ് മാസങ്ങളിൽ അടുത്ത അഞ്ച് വർഷത്തേക്കുള്ള തങ്ങളുടെ ജനപ്രതിനിധികളെ തിരഞ്ഞെടുക്കാനായി പോളിങ്ങ് ബൂത്തുകളിലേക്ക് പോയിരുന്നു .

195152 ലാണ് ഇന്ത്യയിലെ ആദ്യത്തെ പൊതുതിരഞ്ഞെടുപ്പ് അഥവാ ലോക്സഭാ തെരഞ്ഞെടുപ്പ് നടന്നത്. ഇന്ത്യയിൽ ആദ്യത്തെ ലോക്സഭാ തെരഞ്ഞെടുപ്പ് നടന്നത് 195152 വർഷങ്ങളിലായിരുന്നു. അന്ന് വോട്ടു ചെയ്യാനുള്ള പ്രായപരിധി 21 വയസായയാണ് നിശ്ചയിച്ചത്. 1951 ഒക്റ്റോബർ 25 ന് തുടക്കമിട്ട തെരഞ്ഞെടുപ്പ് നടപടിക്രമങ്ങൾ നാലു മാസമെടുത്ത് പിറ്റേ വർഷം ഫെബ്രുവരി 21നാണ് പൂർത്തിയാക്കിയത്. സുകുമാർ സെന്നായിരുന്നു ആദ്യ തെരഞ്ഞെടുപ്പ് കമ്മിഷണർ. 10,59,44,495 പേരാണ് വോട്ട് രേഖപ്പെടുത്തയത് (44 87%). 402 മണ്ഡലങ്ങളിലായി ആകെ 489 അംഗങ്ങളെയാണ് തെരഞ്ഞെടുക്കേണ്ടിയിരുന്നത്. രണ്ടേകാൽ ലക്ഷം ബൂത്തുകളാണ് തെരഞ്ഞെടുപ്പിനായി അന്ന് സജ്ജീകരിച്ചത് (1,00 പേർക്ക് ഒന്ന് എന്ന കണക്കിൽ) ഓരോ സ്ഥാനാർഥിക്കുമുള്ള പ്രത്യേക ബോക്സിലായിരുന്നു ബാലറ്റ് നിക്ഷേപിക്കേണ്ടിയിരുന്നത്.14 ദേശീയ പാർട്ടികളും 64 പ്രാദേശിക കക്ഷികളും ആദ്യ തെരഞ്ഞെടുപ്പിൽ മത്സരിച്ചു. ജനസംഘം, കിസാൻ മസ്ദൂർ പ്രജാപരിഷത്, സോഷ്യലിസ്റ്റ് പാർട്ടി, കമ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ, ഇന്ത്യൻ നാഷണൽ കോൺഗ്രസ് എന്നിവയായിരുന്നു പ്രധാന രാഷ്ട്രീയ കക്ഷികൾ. ബി.ആർ അംബേദ്കറുടെ നേതൃത്വത്തിലുള്ള റിപ്പബ്ലിക്കൻ പാർട്ടിയും രംഗത്തുണ്ടായിരുന്നു.ആകെയുള്ള 489ൽ 364 സീറ്റ് (44 99 % വോട്ട്) നേടി ഇന്ത്യൻ നാഷണൽ കോൺഗ്രസ് അധികാരത്തിൽ വന്നു. കമ്മ്യൂണിസ്റ്റ്

(ശേഷം പേജ് 4)

# മാസപ്പടി കേസിൽ വിജിലൻസ് കോടതി വിധി പുനഃപരിശോധിക്കണം; കുഴൽനാടൻ ഹൈക്കോടതിയിൽ

കൊച്ചി: മാസപ്പടി കേസിൽ വിജിലൻസ് കോടതി വിധിക്കെതിരേ ഹൈക്കോടതിയെ സമീപിച്ച് മാത്യു കുഴൽനാടൻ എംഎൽഎ. മുഖ്യമന്ത്രിക്കും മകൾ വീണാ വിജയനുമെതിരേ വിജിലൻസ് അന്വേഷണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഹർജി വിജിലൻസ് കോടതി തള്ളിയിരുന്നു. ഈ വിധി പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടാണ് കുഴൽനാടൻ ഹൈക്കോടതിയെ സമീപിച്ചിരിക്കുന്നത്.

ഹർജിയിൽ തെളിവുകളില്ലെന്നും ആരോപണങ്ങൾ മാത്രമാണ് ഉള്ളതെന്നും ചൂണ്ടിക്കാട്ടിയാണ് വിജിലൻസ് കോടതി കുഴൽനാടൻറെ ഹർജി തള്ളിയത്. ആരോപണങ്ങൾക്ക് പ്രഥമദൃഷ്ട്യാ തെളിവില്ലെന്നും ഹർജി അഴിമതി നിരോധന നിയമത്തിൻറെ പരിധിയിൽ വരില്ലെന്നും വിധിന്യായത്തിൽ പറഞ്ഞിരുന്നു. കുഴൽനാടൻറെ ഹർജി രാഷ്ട്രീയ പ്രേരിതമായ ആരോപണമെന്ന വാദം ശക്തിപ്പെടുത്തുന്നതാണെന്നും കോടതി വിമർശിച്ചിരുന്നു.

വിജിലൻസ് കോടതിയുടെ ഈ നിരീക്ഷണം പുനഃപരിശോധിക്കുന്നതിന് നിർദേശം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ടാണ് ഹൈക്കോടതിയെ സമീപിച്ചിരിക്കുന്നത്. ഹർജി ഹൈക്കോടതി തിങ്കളാഴ്ച പരിഗണിക്കും.



# നടുക്കടലിൽ ഫിഷറീസിന്റെ രക്ഷാദൗത്യം

കൊല്ലം നീണ്ടകരയിൽ നിന്നും മത്സ്യബന്ധനത്തിന് പോയ ടc പീറ്റർ എന്ന ബോട്ട് ഇന്ന് പുലർച്ചെ വെള്ള ക്കേട് വന്നു മുങ്ങിക്കൊണ്ടിരിക്കെ അർത്തുങ്കൽ നിന്നുള്ള ഫിഷറീസ് പട്രോൾ ബോട്ട് എത്തി കെട്ടി വലിച്ചു കരയ്ക്കെത്തിച്ചു. നീണ്ടകരയിൽ നിന്നുമുന്ന11 മൽസ്യ തൊഴിലാളികൾ ബോട്ടിൽ ഉണ്ടായിരുന്നു. കരയിൽ എത്തിച്ചെങ്കിലും ബോട്ട് മുങ്ങിക്കൊണ്ടിരിക്കുകയാണ്. വെള്ളം പമ്പ് ചെയ്തു കളയുന്നതിനുള്ള സംവിധാനം കൊടുത്തിട്ടുണ്ട്. അതുപയോഗിച്ച് പാമ്പിങ് നടക്കുന്നു. മൺസൂൺ കാലാവസ്ഥ കണക്കിലെടുത്തു കടലിലെ രക്ഷാദൗത്യത്തിനായി ഫിഷറീസ് വകുപ്പ് ഏർപ്പെടുത്തിയ മാർഗ്ഗനിർദ്ദേശങ്ങൾ ഫലം കണ്ടു വെന്നതിന്റ ഉദാഹരണമാണ് നടുക്കടലിൽ വെള്ളം കയറി മുങ്ങാറായ ട്രോളിംഗ് ബോട്ടിനെയും അതിലുണ്ടായിരുന്ന പതിനൊന്നു മൽസ്യ ത്തൊഴിലാളികളുടെയും ജീവൻ രക്ഷിക്കാനായതെന്ന് കൊല്ലം ഫിഷറീസ് ഡപ്യൂട്ടി ഡയറക്ടർ പ്രിൻസ് ചൂണ്ടിക്കാട്ടി.

# പോലീസ് പൊതുജനങ്ങളോടുള്ള പെരുമാറ്റം മെച്ചപ്പെടുത്തണമെന്ന് മുഖ്യമന്ത്രി

തിരുവനന്തപുരം: പോലീസിൻറെ പൊതുജനങ്ങളോടുള്ള പെരുമാറ്റം മെച്ചപ്പെടുത്തണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. പൊതുജനങ്ങളോട് അടുത്ത് ഇടപഴകുന്ന സർക്കാർ സംവിധാനമാണ് പോലീസ്. ആ നിലയിൽ സൂക്ഷ്മതയോടെ വിലയിരുത്തപ്പെടുന്ന വിഭാഗമാണ് പോലീസെന്നും മുഖ്യമന്ത്രി പറഞ്ഞു.

പോലീസിൻറേത് തികച്ചും സുതാര്യമായ പ്രവർ



# അടുത്ത മണിക്കൂറുകളിൽ ഒറ്റപ്പെട്ടയിടങ്ങളിൽ മഴയെത്തും; നാലു ജില്ലകളിൽ സാധ്യത

തിരുവനന്തപുരം: അടുത്ത മൂന്നു മണിക്കൂറിൽ കേരളത്തിലെ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം ജില്ലകളിൽ ഒറ്റപ്പെട്ടയിടങ്ങളിൽ മിതമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു.

മധ്യകേരളത്തിലും വടക്കൻ കേരളത്തിലും വരും ദിവസങ്ങളിലും കനത്ത മഴ തുടരുമെന്ന് കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം നേരത്തെ മുന്നറിയിപ്പ് നല്കിയിരുന്നു. മൂന്നു ജില്ലകളിൽ ഇന്ന് ഓറഞ്ച് അലർട്ട് പ്രഖ്യാപിച്ചിട്ടുണ്ട്.

ഇടുക്കി, കോഴിക്കോട്, വയനാട് ജില്ലകളിലാണ് ഓറഞ്ച് അലർട്ട് പ്രഖ്യാപിച്ചത്. എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ യെല്ലോ അലർട്ടും പ്രഖ്യാപിച്ചു.

തിങ്കൾ, ചൊവ്വ ദിവസങ്ങളിൽ കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ യെല്ലോ അലർട്ട് പ്രഖ്യാപിച്ചു. ബുധനാഴ്ചയോടെ സംസ്ഥാനത്താകെ കാലവർഷം ശക്തമാകുമെന്നും കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം അറിയിച്ചു.

കഴിഞ്ഞ ദിവസം സംസ്ഥാനത്ത് ഏറ്റവും കൂടുതൽ മഴ പെയ്തത് ഇടുക്കി ജില്ലയിലെ ഉടുന്പന്നൂരിലാണ്, 23 സെൻറീമീറ്റർ. കോഴിക്കോട് ജില്ലയിലെ ഉറുമിയിൽ 14 സെൻറീമീറ്ററും കോട്ടയം ജില്ലയിലെ പൂഞ്ഞാറിൽ 11 സെൻറീമീറ്ററും മഴ പെയ്തു.

കോട്ടയം ജില്ലയിലെ വടവാതൂരിൽ പത്ത് സെൻറീമീറ്ററും എറണാകുളം ജില്ലയിലെ ആലുവയിലും മലപ്പുറം ജില്ലയിലെ തവനൂരിലും ഒൻപത് സെൻറീമീറ്റർ വീതവും മഴ പെയ്തതായും കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം അറിയിച്ചു.സംസ്ഥാനത്ത് കാലവർഷമെത്തിയിട്ട് മൂന്നു ദിനം പിന്നിടുന്പോൾ കാലവർഷക്കെടുതിയിൽ മരിച്ചവരുടെ എണ്ണം ആറായി. കനത്ത മഴയെ തുടർന്ന് വെള്ളം കയറിയും വീടുകൾ തകർന്നും ജനങ്ങൾ ദുരിതത്തിലായതിനെ തുടർന്ന് ശനിയാഴ്ച സംസ്ഥാനത്താകെ അഞ്ച് ദുരിതാശ്വാസ ക്യാന്പുകൾ തുറന്നു. ഇതോടെ സംസ്ഥാനത്താകെ നിലവിൽ 150 ക്യാന്പുകളാണ് പ്രവർത്തിക്കുന്നത്.കഴിഞ്ഞ ദിവസം വരെയുള്ള കണക്കുകൾ പ്രകാരം 3094 കുടുംബങ്ങളിലെ 8773 പേരാണ് ദുരിതാശ്വാസ ക്യാന്പുകളിൽ കഴിയുന്നത്.

# ജീവാനന്ദം പദ്ധതി : ഉത്തരവിൽനിന്ന് മലക്കം മറിഞ്ഞ് ധന വകുപ്പ്

തിരുവനന്തപുരം: സർക്കാർ ജീവനക്കാർക്കായി നടപ്പാക്കുമെന്നു പ്രഖ്യാപിച്ച ഇൻഷ്വറൻസ് പദ്ധതിയായ ജീവാനന്ദം വിവാദമായതിനു പിന്നാലെ കഴിഞ്ഞ ദിവസം ഇറക്കിയ സർക്കാർ ഉത്തരവിൽനിന്നു മലക്കം മറിഞ്ഞു ധനവകുപ്പ് വിശദീകരണം.

ജീവാനന്ദം പദ്ധതി എല്ലാ സർക്കാർ ജീവനക്കാർക്കും നിർബന്ധിതമാക്കുന്ന നിലയിലല്ല നടപ്പാക്കുകയെന്നു ധനമന്ത്രിയുടെ ഓഫീസ് അറിയിച്ചു. ജീവനക്കാർക്ക് ആഗ്രഹിക്കുന്ന തുക നിക്ഷേപിക്കുന്നതിനും അതിലൂടെ വിരമിച്ചശേഷം ഒരു സ്ഥിരവരുമാനം ലഭ്യമാകുന്നതിനുള്ള സൗകര്യം ഒരുക്കുന്നതാകണമെന്നാണ് ഉദ്ദേശിക്കുന്നതെന്നും വിശദീകരണത്തിൽ പറയുന്നു.

എന്നാൽ, കഴിഞ്ഞ ദിവസം ധനവകുപ്പ് ഇറക്കിയ ഉത്തരവിൽ എല്ലാ ജീവനക്കാർക്കും നിർബന്ധമാക്കുന്ന തരത്തിൽ നടപ്പാക്കില്ലെന്നു വ്യക്തമാക്കിയിരുന്നില്ല. ജീവനക്കാരുടെ ശന്പളം പിടിച്ച് പെൻഷനാകുന്പോൾ നൽകുന്ന തരത്തിലുള്ള ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നതിനെക്കുറിച്ചു പഠിക്കാൻ സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിനെ ചുമതലപ്പെടുത്തുന്നതായാണ് ഉത്തരവിൽ വ്യക്തമാക്കിയിരുന്നത്.ജീവാനന്ദം പദ്ധതിക്കെതിരേ പ്രതിപക്ഷ സർവീസ് സംഘടനകൾക്കൊപ്പം ഭരണകക്ഷിയായ സിപിഐയുടെ ജോയിൻറ് കൗൺസിലും പ്രതിഷേധവുമായി രംഗത്ത് എത്തിയിരുന്നു.ജീവാനന്ദം പദ്ധതിയുടെ പേരിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പണപ്പിരിവിനെതിരേ സംസ്ഥാന വ്യാപക പ്രതിഷേധവും സർവീസ് സംഘടനകൾ നടത്തിയിരുന്നു. നിർബന്ധപൂർവം നടപ്പാക്കാൻ അനുവദിക്കില്ലെന്നു പ്രതിപക്ഷ നേതാവ് വി.ഡി. സതീശനും പ്രഖ്യാപിച്ചിരുന്നു. ഇതിനു പിന്നാലെയാണ് വൈകുന്നേരത്തോടെ ധനവകുപ്പ് വിശദീകരണക്കുറിപ്പ് ഇറക്കിയത്.ജീവാനന്ദം പദ്ധതി പൂർണമായും ഇൻഷ്വറൻസ് പദ്ധതിയാണെന്നും ഇതിന് പങ്കാളിത്ത പെൻഷൻ ഉൾപ്പെടെയുള്ള പെൻഷൻ പദ്ധതികളുമായി ഒരു ബന്ധവുമില്ലെന്നും ധനവകുപ്പ് വിശദീകരിക്കുന്നു.

മറ്റ് ഇൻഷ്വറൻസ് കന്പനികൾ നൽകുന്ന ആന്വിറ്റി പോളിസികളിൽ നിന്നു വ്യത്യസ്തമായി ജീവാനന്ദം പദ്ധതി നിലവിലുള്ള വിപണി മൂല്യത്തേക്കാൾ ഉയർന്നതും സ്ഥിരമായതുമായ പലിശ ഉറപ്പു വരുത്തുമെന്നും ഒപ്പം തവണ വ്യവസ്ഥയിൽ പണം ഒടുക്കാനുള്ള സൗകര്യം ലഭ്യമാക്കുമെന്നും സർക്കാർ ഉത്തരവിൽ പറയുന്നു.

# ഗുണ്ടാ നേതാവിൻറെ പാർട്ടിയിൽ ഡിവൈഎസ്പി പങ്കെടുത്ത സംഭവം; മഞ്ഞുമലയുടെ അഗ്രം മാത്രമാണിതെന്ന് ചെന്നിത്തലപ

തിരുവനന്തപുരം: ഗുണ്ടാ സൽക്കാരത്തിൽ ഡിവൈഎസ്പിയും പോലീസുകാരും പങ്കെടുത്ത സംഭവം പോലിസ് സേന ഇപ്പോൾ എത്രത്തോളം ജീർണിച്ചു എന്നതിന് തെളിവാണെന്ന് കോൺഗ്രസ് വർക്കിംഗ് കമ്മിറ്റി അംഗം രമേശ് ചെന്നിത്തല

ഇത് മഞ്ഞുമലയുടെ അഗ്രം മാത്രമാണെന്നും പോലീസിൻറെ ഗുണ്ടാ മാഫിയാ ബന്ധം വളരെ വ്യാപകമായി മാറിയിരിക്കുന്നുവെന്നും ചെന്നിത്തല കുറ്റപ്പെടുത്തി.

ഗുണ്ടാ പ്രവർത്തനങ്ങൾ തടയേണ്ടവർ തന്നെ ഗുണ്ടകളെയും സാമൂഹ്യ വിരുദ്ധരേയും അഴിഞ്ഞാടുന്നതിന് അവസരമൊരുക്കുന്നു. ഇവരെ നിയന്ത്രിക്കാൻ ആഭ്യന്തരം കൈകാര്യം ചെയ്യുന്ന മുഖ്യമന്ത്രിക്ക് കഴിയുന്നില്ല.

ഇവിടെ ഡിജിപിയുണ്ടോ എന്ന് സംശയമാണ്. ആരാണ് ഡിജിപി എന്ന് ആർക്കും അറിയില്ല. ഗുണ്ടകളും ലഹരി മാഫിയയും അഴിഞ്ഞാടുമ്പോൾ പോലീസിലെ ഉന്നതരിൽ ചിലർ അവരുമായി ആർത്തുല്ലസിച്ച് നടക്കുന്നു.

അറിയപ്പെടുന്ന ഗുണ്ടകൾ എല്ലാം ജയിലിന് പുറത്താണ്. ഇവർക്ക് ഭരിക്കുന്ന പാർട്ടിയിലെ ഉന്നതരുമായി അടുപ്പമുണ്ട്. ഗുണ്ടകളും പോലീസും തമ്മിലുള്ള ബന്ധം ഇത്രത്തോളം വ്യാപകമാകാൻ കാരണം അതാണ്.

ഗുണ്ടകളും ഇവരെ നിയന്ത്രിക്കുന്ന ഉപജാപക സംഘങ്ങളും ജനങ്ങളുടെ ജീവിതം ദുസഹമാക്കിയിരിക്കുന്നു. ക്രമസമാധാന നില വൻ തകർച്ചയിലാണ്. ഗ്രാമങ്ങളിൽ പോലും ലഹരി മാഫിയ പിടിമുറുക്കിയിരിക്കുന്നു.

142 കൊലപാതകങ്ങൾ ഈ വർഷം ഇതുവരെ നടന്നു. തെരഞ്ഞെടുപ്പിന് മുമ്പ് 1880 പേരുടെ പട്ടിക തയാറാക്കിയെങ്കിലും 180ഗുണ്ടകളെയാണ് പിടിക്കാനായത്. ബാക്കുള്ളവരെ എന്തുകൊണ്ട് പിടിച്ചില്ല.

തലസ്ഥാനത്ത് പോലും ഗുണ്ടകൾ അഴിഞ്ഞാടുന്നു. ഗുണ്ടാ ആക്രമണം നിരന്തരം ഉണ്ടാകുന്നു. ഭയം കൂടാതെ ജനങ്ങൾക്ക് ജീവിക്കാൻ കഴിയുന്നില്ല. യുഡിഎഫ് ഭരണകാലത്ത് ഗുണ്ടകളെ അമർച്ച ചെയ്യാൻ നടപ്പാക്കിയ ഓപ്പറേഷൻ സുരക്ഷാ പദ്ധതി ഫലപ്രദമായി നടപ്പാക്കണം.

പോലീസ്ഗുണ്ടരാഷ്ട്രീയ കൂട്ടുകെട്ടിൽ ഭരണപക്ഷത്തിൻറെ ഇടപെടൽ കാരണം കാര്യക്ഷമതയുള്ള ഉന്നത പോലീസ് ഉദ്യോഗസ്ഥർ വെറും നോക്കുകുത്തികളായി മാറിയെന്നും രമേശ് ചെന്നിത്തല പറഞ്ഞു.

## എക്സിറ്റ് പോൾ ഫലങ്ങൾ വിശ്വാസയോഗ്യമല്ല, എൽഡിഎഫ് കണ്ണഞ്ചിപ്പിക്കുന്ന ജയം നേടും: എ.കെ.ബാലൻ

തിരുവനന്തപുരം: എക്സിറ്റ് പോൾ ഫലങ്ങൾ പൂർണമായും വിശ്വാസയോഗ്യമല്ലെന്ന് സിപിഎം കേന്ദ്ര കമ്മിറ്റി അംഗം എ.കെ.ബാലൻ. തെരഞ്ഞെടുപ്പിന് ശേഷം സ്ഥിതി വേറെയാകുമെന്ന് അദ്ദേഹം പ്രതികരിച്ചു.

ഇത്തവണ മോദി തരംഗം ഉണ്ടായിട്ടില്ല. കേരളത്തിൽ ബിജെപി മുന്നേറ്റമുണ്ടാകുമെന്നത് പച്ചനുണ. എക്സിറ്റ് പോളുകളിൽ പറയുന്ന മൂന്ന് സീറ്റുകളിലും ബിജെപി തോൽക്കും.

കേരളം എല്ലാ സീറ്റും ഇന്ത്യ മുന്നണിക്ക് സംഭാവന ചെയ്യുന്ന സംസ്ഥാനമാകും. അതിൽ എൽഡിഎഫ്, യുഡിഎഫ് പങ്കാളിത്തം എന്താണെന്ന് മറ്റന്നാൾ അറിയാം. ഇടത് മുന്നണി കണ്ണഞ്ചിപ്പിക്കുന്ന ജയം നേടുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## കെഎസ്‌യു നേതൃത്വം പരാജയം; അലോഷ്യസ് സേവറിന് ധാർഷ്ട്യമാണെന്ന് കെപിസിസി സമിതി റിപ്പോർട്ട്പ

തിരുവനന്തപുരം: നെയ്യാറിൽ നടന്ന ക്യാമ്പിലെ സംഘർഷവുമായി ബന്ധപ്പെട്ട അന്വേഷണത്തിൽ കെഎസ്‌യു പ്രസിഡൻറ് ആലോഷ്യസ് സേവ്യർ സഹകരിച്ചില്ലെന്നും ഇദ്ദേഹത്തിന് ധാർഷ്ട്യമാണെന്നും കെപിസിസി സമിതി അന്വേഷണ റിപ്പോർട്ട്.

കെഎസ്‌യു നേതൃത്വത്തിന് ഗുരുതരമായ സംഘടനാ വീഴ്ചയുണ്ടായി, സംഘടനാ തലത്തിൽ അടിമുടി മാറ്റം വേണം, ജംബോ കമ്മിറ്റികൾ പൊളിച്ചെഴുതണം എന്നും എം.എം. നസീർ, എകെ ശശി എന്നിവർ ഉൾപ്പെട്ട സമിതി കെപിസിസി പ്രസിഡൻറ് കെ. സുധാകരന് സമർപ്പിച്ച റിപ്പോർട്ടിൽ ആവശ്യപ്പെടുന്നു.

കെഎസ്‌യു നേതൃത്വം പരാജയമാണെന്നും റിപ്പോർട്ടിൽ കുറ്റപ്പെടുത്തുന്നുണ്ട്. വിദ്യാർഥി വിരുദ്ധ നയങ്ങളെ നേതൃത്വത്തിന് ചെറുക്കാനാകുന്നില്ലെന്നും ക്യാമ്പിലെ സംഘട്ടനത്തിൽ ഒരാളുടെ കൈ ഞരമ്പ് അറ്റുപോയെന്നും റിപ്പോർട്ടിൽ സൂചിപ്പിക്കുന്നു.

## തൃശൂരിൽ യുഡിഎഫിന് ജയം ഉറപ്പ്, സുരേഷ് ഗോപി മൂന്നാം സ്ഥാനത്താകും: കെ. മുരളീധരൻ

തിരുവനന്തപുരം: എക്സിറ്റ് പോൾ ഫലങ്ങളെ തള്ളി കോൺഗ്രസ് നേതാവും തൃശൂരിലെ യുഡിഎഫ് സ്ഥാനാർഥിയുമായ കെ.മുരളീധരൻ. തൃശൂരിൽ യുഡിഎഫിന് ജയം ഉറപ്പെന്ന് മുരളീധരൻ പറഞ്ഞു.

തങ്ങളുടെ വിലയിരുത്തലിൽ രണ്ടാം സ്ഥാനം എൽഡിഎഫിനാണ്.

എൻഡിഎ സ്ഥാനാർഥി സുരേഷ് ഗോപി മൂന്നാം സ്ഥാനത്താകും. എൽഡിഎഫ് വോട്ടുകൂടി കിട്ടിയാൽ മാത്രമേ തൃശൂരിൽ സുരേഷ് ഗോപി രണ്ടാം സ്ഥാനത്തെത്തൂ.

അങ്ങനെ സംഭവിച്ചാൽ അക്കാര്യത്തിൽ ഒന്നാം പ്രതി പിണറായി വിജയനാണ്. ബിജെപി കേരളത്തിൽ കോഴിമുട്ടയുടെ ആകൃതിയിലുള്ള വട്ടപൂജ്യമാകും.

കേരളത്തിൽ ബിജെപിക്ക് കാലുകുത്താനാകില്ലെന്നും മുരളീധരൻ പ്രതികരിച്ചു.

# 'ട്രാൻസ്സെൻഡ് ഇന്ത്യ 2024' സിമ്പോസിയത്തിന് നാസ്കോം ഫയ: 80 ആതിഥേയത്വം വഹിക്കും നിർമ്മിത ബുദ്ധിയുമായി ബന്ധപ്പെട്ട ചർച്ചകൾക്ക് വഴിതുറക്കും

തിരുവനന്തപുരം: ടെക്നോപാർക്കിലെ വിജ്ഞാന സമൂഹമായ നാസ്കോം ഫയ:80 യുടെ ആഭിമുഖ്യത്തിൽ നിർമ്മിത ബുദ്ധിയുമായി ബന്ധപ്പെട്ട് ബുധനാഴ്ച (ജൂൺ 5) സിമ്പോസിയം സംഘടിപ്പിക്കുന്നു.

ഫയയുടെ പ്രതിമാസ ടെക്നോളജി സെമിനാറിൻറെ പതിനൊന്നാം വാർഷികത്തിൻറെ ഭാഗമായി നാസ്കോം, ഗൂഗിൾ ഫോർ ഡെവലപ്പേഴ്സ്, കേരള സ്റ്റാർട്ടപ്പ് മിഷൻ, ഗ്രൂപ്പ് ഓഫ് ടെക്നോളജി കമ്പനികൾ (ജിടെക്) എന്നിവയുമായി സഹകരിച്ചാണ് 'ട്രാൻസ്സെൻഡ് ഇന്ത്യ 2024' എന്ന പേരിൽ സിമ്പോസിയം സംഘടിപ്പിക്കുന്നത്. 'നാവിഗേറ്റിംഗ് ദ ഫ്യൂച്ചർ ഓഫ് എഐ' എന്ന വിഷയത്തെ അടിസ്ഥാനമാക്കി ടെക്നോപാർക്ക് ഫേസ് വണ്ണിലെ ട്രാവൻകൂർ ഹാളിൽ ഉച്ചയ്ക്ക് 2.30 ന് സിമ്പോസിയം ആരംഭിക്കും.

ടെക്നോപാർക്ക് ആസ്ഥാനമായുള്ള ഫയയുടേയും നാസ്കോമിൻറേയും സംയുക്ത സംരംഭമാണ് നാസ്കോം ഫയ:80. 2013ൽ സ്ഥാപിതമായ നാസ്കോം ഫയ:80 സാങ്കേതിക മേഖലയിൽ നൂതനാശയങ്ങളും പരസ്പര സഹകരണവും പ്രോത്സാഹിപ്പിക്കുന്നതിൽ വലിയ പങ്ക് വഹിക്കുന്നുണ്ട്.

നാസ്കോം ഫയ:80 യുടെ നേതൃത്വത്തിൽ പതിനൊന്ന് വർഷമായി എല്ലാ മാസവും ആദ്യ ബുധനാഴ്ച നടക്കുന്ന സെമിനാറിൽ സാങ്കേതികവിദ്യയിലെ പുത്തൻ പ്രവണതകളും വെല്ലുവിളികളുമാണ് ചർച്ച ചെയ്തിരുന്നത്. ഈ ചർച്ചകളിൽ വ്യവസായ പ്രമുഖർ, സ്റ്റാർട്ടപ്പുകൾ, അക്കാദമിക് വിദഗ്ധർ, സർക്കാർ ഉദ്യോഗസ്ഥർ എന്നിവരെ ഒരുമിച്ചു കൊണ്ടുവന്നതിലൂടെ ഊർജ്ജസ്വലമായ ഒരു ടെക് ഇക്കോസിസ്റ്റം സൃഷ്ടിക്കുന്നതിന് നാസ്കോം ഫയ:80യ്ക്കു സാധിച്ചു.

ആഗോളതലത്തിൽ സംഭവിക്കുന്ന സാങ്കേതിക മാറ്റങ്ങൾക്കൊപ്പം മുന്നേറുന്നതിനും അഭിവൃദ്ധിപ്പെടുന്നതിനുമായി സ്റ്റാർട്ടപ്പുകൾ, ഐടി കമ്പനികൾ, സർവ്വകലാശാലകൾ, സർക്കാർ സ്ഥാപനങ്ങൾ എന്നിവയ്ക്ക് മാർഗനിർദേശം നൽകാനാണ് 'ട്രാൻസ്സെൻഡ് ഇന്ത്യ 2024' ലക്ഷ്യമിടുന്നത്. വ്യവസായ പ്രമുഖർ, സ്റ്റാർട്ടപ്പ് സ്ഥാപകർ, സർക്കാർ ഉദ്യോഗസ്ഥർ, അക്കാദമിക് വിദഗ്ധർ, സാങ്കേതികവിദ്യാ പ്രേമികൾ എന്നിവർ ചടങ്ങിൽ പങ്കെടുക്കും.

ഗൂഗിൾ ഡെവലപ്പർ വിദഗ്ധനായ അനുഭവ് സിംഗ് 'പുഷിങ്ങ് ദി ബൗണ്ടറീസ്: ദി നെക്സ്റ്റ് ഇറ ഓഫ് ഗ്ലോബൽ എഐ ഡവലപ്മെൻറ്' എന്ന വിഷയത്തിൽ മുഖ്യ പ്രഭാഷണം നടത്തും. ബെക്കിൻറെ സിടിഒ രവി പ്രകാശ് 'ഇൻറർസെക്ഷൻ ഓഫ് എഐ ആൻഡ് ഓപ്പൺ നെറ്റ് വർക്ക്സ്: ഓപ്പർച്യൂണിറ്റി ഫോർ ഇന്ത്യ' എന്ന വിഷയത്തിൽ സംസാരിക്കും. ഉദ്ഘാടന സെഷനിൽ നാസ്കോം റീജണൽ ഹെഡ് സുജിത്ത് ഉണ്ണി, ഫയ എംഡി ദീപു എസ് നാഥ് എന്നിവരും പങ്കെടുക്കും.

ഭാവിയിൽ കേരളത്തിലെ വിദ്യാഭ്യാസ മേഖലയിലും സർക്കാർ തലത്തിലും എഐ യ്ക്കുള്ള സാധ്യതകളുമായി ബന്ധപ്പെട്ട രണ്ട് പാനൽ ചർച്ചകളും സിമ്പോസിയത്തിൻറെ ഭാഗമായുണ്ടാകും.

'കേരള ഇന്നൊവേഷൻ ഷോകേസ്: ആക്ഷൻ പ്ലാൻ ആൻറ് മൈൽ സ്റ്റോൺ' എന്ന സെഷനിൽ സംസ്ഥാന കൃഷി വകുപ്പ് സ്പെഷ്യൽ സെക്രട്ടറി പ്രശാന്ത് നായർ ഐഎഎസ്, ടിൽറ്റ് ലാബ്സ് സിഇഒ നിഖിൽ ചന്ദ്രൻ, ടെക്ജെൻഷ്യ സഹസ്ഥാപകനും സിഇഒയുമായ ജോയ് സെബാസ്റ്റ്യൻ, സിയാറ്റിൽ പിയൻസ വിസിയും ബിസിനസ് പങ്കാളിയുമായ ജോഫിൻ ജോസഫ്, എൻട്രി സിടിഒ രാഹുൽ രമേശ്, ബൈ മീ എ കോഫി സിഇഒ ജിജോ സണ്ണി എന്നിവർ സംസാരിക്കും. 'ട്രാൻസ്സെൻഡിംഗ് ചെയ്ഞ്ച്: എസെൻഷ്യൽ സ്കിൽസ് ഫോർ ദി എഐ എറ' എന്ന വിഷയത്തിൽ നടക്കുന്ന പാനൽ ചർച്ചയിൽ കേരള സ്റ്റാർട്ടപ്പ് മിഷൻ സിഇഒ അനൂപ് അംബിക, കേരള ഡിജിറ്റൽ സർവകലാശാല വൈസ് ചാൻസലർ സജി ഗോപിനാഥ്, മോസില്ല റെസ്പോൺസിബിൾ കമ്പ്യൂട്ടിംഗ് ഫെലോ ജിബു ഏലിയാസ്, ഗൂഗിൾ ഡെവലപ്പർ വിദഗ്ധൻ അനുഭവ് സിംഗ് എന്നിവർ പങ്കെടുക്കും. ഡിസിഎസ്എംഎടി ഡയറക്ടർ ഡോ. ജയശങ്കർ പ്രസാദ് മോഡറേറ്ററാകും.

കോപൈലറ്റ് ഫോർ ഹെൽത്ത് കെയർ: ഒരു എഐ വിപ്ലവം കേരളത്തിൽ നിന്ന് എന്ന വിഷയത്തിൽ ഡോ. അതുൽ മാനുവൽ, സഞ്ജയ് വിജയകുമാർ, ഓപ്പൺ ഹെൽത്ത് കെയർ നെറ്റ് വർക്കിൻറെ സഹസ്ഥാപകനും സഹസിഇഒയുമായ ബോധിഷ് തോമസ് എന്നിവരും മോഡറേറ്ററായി നിയാസ് മുഹമ്മദും പങ്കെടുക്കും.

രജിസ്ട്രേഷന് സന്ദർശിക്കുക: https://fayaport80.com, കൂടുതൽ വിവരങ്ങൾക്ക്: ദീപു എസ് നാഥ്: 9995710101.

# അതിതീവ്ര മഴ സാധ്യത: മൂന്നു ജില്ലകളിൽ ഇന്ന് റെഡ് അലർട്ട്

## യാത്രകൾ പരമാവധി ഒഴിവാക്കുക

അതിതീവ്ര മഴയ്ക്കു സാധ്യതയുള്ളതിനാൽ തൃശൂർ, മലപ്പുറം, കോഴിക്കോട് ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഇന്ന റെഡ് അലർട്ട് പ്രഖ്യാപിച്ചു. ഇടുക്കി, പാലക്കാട്, വയനാട് ജില്ലകളിൽ ഇന്ന് ഓറഞ്ച് അലർട്ടും പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ യെല്ലോ അലർട്ടും പ്രഖ്യാപിച്ചു. മുന്നറിയിപ്പിന്റെ പശ്ചാത്തലത്തിൽ പൊതുജനങ്ങൾ ജാഗ്രത പാലിക്കണമെന്നു സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി അറിയിച്ചു.

ഇടുക്കി, കോഴിക്കോട്, വയനാട് ജില്ലകളിൽ നാളെയും(02 ജൂൺ) എറണാകുളം, ഇടുക്കി ജില്ലകളിൽ മറ്റന്നാളും (03 ജൂൺ) ഓറഞ്ച് അലർട്ട് പ്രഖ്യാപിച്ചിട്ടുണ്ട്. എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ നാളെയും കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ മറ്റന്നാളും യെല്ലോ അലർട്ട് ആയിരിക്കും. ശക്തമായ മഴ ലഭിച്ചുകൊണ്ടിരിക്കുന്ന മലയോര മേഖലയിൽ മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ, മലവെള്ളപ്പാച്ചിൽ സാധ്യതയുള്ള പ്രദേശങ്ങളിലുള്ളവർ സുരക്ഷിതമായ സ്ഥലത്തേക്ക് മാറി താമസിക്കണം. സ്ഥിരമായി വെള്ളക്കെട്ട് രൂപപ്പെടാറുള്ള താഴ്ന്ന പ്രദേശങ്ങളിൽ താമസിക്കുന്നവർ സാഹചര്യം വിലയിരുത്തി തയ്യാറാക്കപ്പെടുന്ന ക്യാമ്പുകളിലേക്ക് മാറണം. വിവിധ തീരങ്ങളിൽ കടലാക്രമണം ശക്തമാകാൻ സാധ്യതയുള്ളതിനാൽ അപകട മേഖലകളിൽ താമസിക്കുന്നവർ ജാഗ്രത പാലിക്കണം. ആവശ്യമായ ഘട്ടത്തിൽ മാറി താമസിക്കണം. മൽസ്യബന്ധനോപാധികൾ സുരക്ഷിതമാക്കി വെക്കണം. ശക്തമായ മഴ പെയ്യുന്ന സാഹചര്യത്തിൽ ഒരു കാരണവശാലും നദികൾ മുറിച്ചു കടക്കാനോ, നദികളിലോ മറ്റ് ജലാശയങ്ങളിലോ കുളിക്കാനോ മീൻപിടിക്കാനോ മറ്റ് ആവശ്യങ്ങൾക്കോ ഇറങ്ങാൻ പാടില്ല.

മഴ ശക്തമാകുന്ന അവസരങ്ങളിൽ അത്യാവശ്യമല്ലാത്ത യാത്രകൾ പരമാവധി ഒഴിവാക്കുക. വെള്ളച്ചാട്ടങ്ങൾ, ജലാശയങ്ങൾ, മലയോര മേഖലകൾ എന്നിവിടങ്ങളിലേക്കുള്ള വിനോദയാത്രകൾ മഴ മുന്നറിയിപ്പ് മാറുന്നത് വരെ ഒഴിവാക്കണമെന്നും ദുരന്ത നിവാരണ അതോറിറ്റി അറിയിച്ചു.

## കുടുംബശ്രീ 'അരങ്ങ്2024'

# കലോത്സവ രജിസ്ട്രേഷൻ: ഡോക്യുമെൻറ് വെരിഫിക്കേഷൻ ജൂൺ 2,3 തീയതികളിൽ

തിരുവനന്തപുരം: കുടുംബശ്രീ സംസ്ഥാന കലോത്സവം'അരങ്ങ്2024' ൽ പങ്കെടുക്കുന്നതിന് ഓൺലൈൻ രജിസ്ട്രേഷൻ പൂർത്തിയാക്കിയ മത്സരാർത്ഥികൾ സമർപ്പിക്കേണ്ട വിവിധ രേഖകളുടെ പരിശോധന ജൂൺ 2,3 തീയതികളായി കാസർഗോഡ് ജില്ലയിലെ ചെറുവത്തൂരിലെ തേജസ്വിനി റെസിഡൻസിയിൽ നടക്കും.

അയൽക്കൂട്ട അംഗത്വ രജിസ്റ്ററിൻറെ കോപ്പി, മത്സരാർത്ഥികൾ ഓൺലൈൻ രജിസ്ട്രേഷൻ നടത്തിയ പാർട്ടിസിപ്പേഷൻ കാർഡിൻറെ പകർപ്പ്, ആധാർ കാർഡ്, പ്രായം തെളിയിക്കുന്നതിനുള്ള രേഖ, ഓക്സിലറി അംഗമാണെങ്കിൽ സി.ഡി.എസിൻറെ സാക്ഷ്യപത്രം, പാസ്പോർട്ട് സൈസ് ഫോട്ടോ, ജില്ലാമിഷൻ കോഓർഡിനേറ്റർ സാക്ഷ്യപ്പെടുത്തിയ മത്സര രജിസ്ട്രേഷൻ റിപ്പോർട്ടിൻറെ പകർപ്പ് എന്നിവയാണ് പരിശോധിക്കുക.

ജില്ലാതല ഉദ്യോഗസ്ഥരുടെ നേതൃത്വത്തിലാണ് രേഖകൾ പരിശോധനയ്ക്കെത്തിക്കുന്നത്.

ജൂൺ 2ന് തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, ഇടുക്കി, കോട്ടയം, എറണാകുളം ജില്ലകളിലെയും ജൂൺ 3ന് തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെയും മത്സരാർത്ഥികളുടെ രേഖകളാണ് പരിശോധിക്കുക. കലോത്സവവുമായി ബന്ധപ്പെട്ട് രൂപീകരിച്ച രജിസ്ട്രേഷൻ കമ്മിറ്റിക്കാണ് രേഖകൾ പരിശോധിക്കാനുള്ള ചുമതല.

രജിസ്ട്രേഷനുമായി ബന്ധപ്പെട്ട എല്ലാ നടപടിക്രമങ്ങളും 3ന് പൂർത്തിയാകുന്നതോടെ കലോത്സവ ദിനങ്ങളിലെ തിരക്ക് ഒഴിവാക്കാനാകും.

ഇത് മത്സരാർത്ഥികൾക്കും സംഘാടകർക്കും ഒരു പോലെ സഹായകമാകും. കൂടാതെ നിശ്ചയിച്ച സമയത്ത് മത്സരങ്ങൾ ആരംഭിക്കാനും പൂർത്തിയാക്കാനും കഴിയുന്നതുവഴി ഫലപ്രഖ്യാപനവും വേഗത്തിലാക്കാൻ സാധിക്കും. മൂന്നു ദിവസങ്ങളിലായി സംഘടിപ്പിക്കുന്ന കലോത്സവത്തിൽ സ്റ്റേജ്, സ്റ്റേജിതര ഇനങ്ങളിലായി അമ്പതോളം ഇനങ്ങളിലാണ് മത്സരങ്ങൾ നടക്കുക.

3500ലേറെ വനിതകളാണ് കലോത്സവത്തിൽ പങ്കെടുക്കുന്നത്.

# സ്കൂളിലേക്ക് പോകുമ്പോൾ: ആരോഗ്യത്തോടെ പഠനം സാധ്യമാക്കാം

## നല്ല ആരോഗ്യ ശീലങ്ങൾ വീട്ടിലും വിദ്യാലയത്തിലും

മധ്യവേനലവധി കഴിഞ്ഞ് കുട്ടികൾ സ്കൂളിലേക്ക് പോകുമ്പോൾ നല്ല ആരോഗ്യ ശീലങ്ങൾ പാഠമാക്കണമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. മഴ തുടരുന്ന സാഹചര്യത്തിൽ കുട്ടികളുടെ ആരോഗ്യ സംരക്ഷണത്തിനും പ്രത്യേക ശ്രദ്ധ കൊടുക്കേണ്ടതായിട്ടുണ്ട്. കുട്ടികളുടെ ശാരീരികവും മാനസികവുമായ ആരോഗ്യം ഉറപ്പാക്കണം. ഡെങ്കിപ്പനി, എലിപ്പനി, വയറിളക്ക രോഗങ്ങൾ, മഞ്ഞപ്പിത്തം തുടങ്ങിയ പല പകർച്ചവ്യാധികളേയും കൃത്യമായ പ്രവർത്തനങ്ങളിലൂടെ പ്രതിരോധിക്കാൻ സാധിക്കും. കുട്ടികൾക്ക് നൽകുന്ന ആരോഗ്യ അറിവുകൾ വീട്ടിലേക്ക് എത്തിക്കാനാകും. എപ്പോഴും സ്കൂളും പരിസരവും വൃത്തിയായി സൂക്ഷിക്കുക. മഞ്ഞപ്പിത്തം, വയറിളക്ക രോഗങ്ങൾ എന്നിവയെ പ്രതിരോധിക്കാൻ വൃത്തിയുള്ള ആഹാരം മാത്രമേ കഴിക്കാവൂ, തിളപ്പിച്ചാറ്റിയ വെള്ളം മാത്രമേ കുടിക്കാവൂ. ഭക്ഷണത്തിലൂടെയും വെള്ളത്തിലൂടെയും നിരവധി മറ്റു രോഗങ്ങളും പകരാൻ സാധ്യതയുള്ളതിനാൽ രക്ഷിതാക്കളും അധ്യാപകരും വിദ്യാർത്ഥികളും ഒരുപോലെ ശ്രദ്ധിക്കണമെന്ന് മന്ത്രി അഭ്യർത്ഥിച്ചു.

ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

കുട്ടികൾ കുടിക്കാൻ ഉപയോഗിക്കുന്ന വെള്ളം എപ്പോഴും തിളപ്പിച്ചാറിയത് ആയിരിക്കണം.

ന്മ ഇലക്കറികൾ, പച്ചക്കറികൾ കൂടുതൽ അടങ്ങുന്ന, വീട്ടിലുണ്ടാക്കിയ, സമീകൃതാഹാരം ഉച്ചയൂണായും സ്നാക്സ് ആയും കുട്ടികൾക്ക് കഴിക്കാനായി കൊടുത്ത് വിടുക. പുറത്ത് നിന്നുള്ള ഭക്ഷണം സ്ഥിരമായി കൊടുക്കരുത്.

ധാരാളം വെള്ളം കുടിയ്ക്കണം

ഭക്ഷണവും വെള്ളവും തുറന്ന് വയ്ക്കരുത്.

ഭക്ഷണം കഴിക്കുന്നതിന് മുമ്പും, ടോയ്ലെറ്റിൽ പോയതിന് ശേഷവും നിർബന്ധമായി കൈകൾ നന്നായി കഴുകുക. സോപ്പ് ഉപയോഗിച്ച് കഴുകുന്നതാണ് നല്ലത്.

മാങ്ങ, പപ്പായ, നെല്ലിക്ക തുടങ്ങിയ പ്രാദേശികമായി കിട്ടുന്ന പഴവർഗങ്ങൾ ധാരാളം നൽകുക.

വിറ്റാമിൻ സി കിട്ടാൻ കുട്ടികൾക്ക് നാരങ്ങാ വെള്ളം ദിവസവും കൊടുക്കുന്നത് നല്ലതാണ്.

കുട്ടികൾ കെട്ടിക്കിടക്കുന്ന വെള്ളത്തിൽ കളിക്കാതെ ശ്രദ്ധിക്കണം.

മഴ നനയാതിരിക്കാൻ കുടയോ, റെയിൻകോട്ടോ കുട്ടികൾക്ക് രക്ഷകർത്താക്കൾ നൽകണം.

കുട്ടികൾ മഴ നനഞ്ഞ് വന്നാൽ തല തോർത്തിയ ശേഷം ഉണങ്ങിയ വസ്ത്രം ധരിപ്പിച്ച് കുടിക്കാൻ പോഷണ ഗുണമുള്ള ചൂട് പാനീയങ്ങൾ (ചൂട് കഞ്ഞിവെള്ളം, ചൂട് പാൽ മുതലായവ) നൽകുക.

മഴയുള്ള സമയത്ത് കുട്ടികൾക്ക് വൈറൽ പനിയും ശ്വാസകോശ രോഗങ്ങളും ഉണ്ടാകാൻ സാധ്യതയുള്ളതിനാൽ മറ്റ് കുട്ടികളിലേക്ക് അവ പകരാതിരിക്കാൻ ചുമയ്ക്കുമ്പോഴും തുമ്മുമ്പോഴും തൂവാല ഉപയോഗിച്ച് വായും മൂക്കും മൂടാൻ കുട്ടികളെ ശീലിപ്പിക്കുക.

പനിയുള്ള കുട്ടികൾ സ്കൂളിൽ പോകാതിരിക്കുകയാണ് നല്ലത്. കൃത്യമായ ചികിത്സ കുട്ടികൾക്ക് ഉറപ്പാക്കുകയും ചെയ്യണം.

കുട്ടിക്ക് മലിനമായ വെള്ളവുമായി സമ്പർക്കം ഉണ്ടായിട്ടുണ്ടെങ്കിൽ ആ വിവരം ഡോക്ടറെ അറിയിക്കണം.

അധ്യാപകർ കുട്ടികളെ നിരീക്ഷിച്ച് സുഖമില്ലാത്ത കുട്ടികളുടെ വിവരം രക്ഷകർത്താക്കളെ അറിയിക്കണം.

വിഷമിച്ച് ഉൾവലിഞ്ഞ് നിൽക്കുന്ന കുട്ടികൾ, ഭിന്നശേഷി കുട്ടികൾ എന്നിവർക്ക് മാനസിക പിന്തുണ ഉറപ്പാക്കി സ്നേഹവും പ്രോത്സാഹനവും നൽകുക.

ക്ലാസ് മുറികളുടെയും സ്കൂൾ പരിസരത്തിന്റെയും സുരക്ഷിതത്വം ഉറപ്പാക്കുക.

അപകടകരമായ സാഹചര്യം കണ്ടാൽ പരിഹാരത്തിനായി അധ്യാപകരെ വിവരം അറിയിക്കുക.

രക്ഷകർത്താക്കൾക്കോ അധ്യാപകർക്കോ ആരോഗ്യത്തെ സംബന്ധിച്ചുള്ള സംശയങ്ങൾക്ക് ആരോഗ്യ വകുപ്പിന്റെ ഹെൽപ് ലൈൻ 'ദിശ'യിൽ 104, 1056, 0471 2552056, 04712551056 എന്നീ നമ്പരുകളിൽ വിളിക്കാവുന്നതാണ്.

# അരുണാചലിൽ ബിജെപി അധികാരത്തിൽ

ഇറ്റാനഗർ: നിയമസഭ തെരഞ്ഞെടുപ്പ് നടന്ന അരുണാചൽ പ്രദേശിൽ ബിജെപി അധികാരം നിലനിർത്തി. അന്തിമഫലം പുറത്തുവന്നപ്പോൾ 60 അംഗ നിയമസഭയിൽ 46 സീറ്റുകൾ നേടിയാണ് ബിജെപി അധികാരം നിലനിർത്തിയത്.

31 സീറ്റുകൾ മാത്രമാണ് കേവല ഭൂരിപക്ഷത്തിന് വേണ്ടത്. സംസ്ഥാനത്ത് പത്തു സീറ്റിൽ ഭരണകക്ഷിയായ ബിജെപി സ്ഥാനാർഥികൾ എതിരില്ലാതെ വിജയിച്ചതിനാൽ ബാക്കിയുള്ള 50 സീറ്റുകളിലേക്ക് മാത്രമാണ് വോട്ടെടുപ്പ് നടന്നത്.

നാഷണൽ പീപ്പിൾസ് പാർട്ടി (എൻപിഇപി) അഞ്ച് സീറ്റുകൾ നേടിയപ്പോൾ നാഷണലിസ്റ്റ് കോൺഗ്രസ് പാർട്ടി (എൻസിപി) മൂന്ന് സീറ്റുകളിലും വിജയിച്ചു. പീപ്പിൾസ് പാർട്ടി ഓഫ് അരുണാചൽ (പിപിഎ) രണ്ട് സീറ്റുകളിലും വിജയിച്ചു. ഇന്ത്യൻ നാഷണൽ കോൺഗ്രസിന് (ഐഎൻസി) ഒരു സീറ്റ് മാത്രമാണ് നേടാനായത്. മൂന്ന് സ്വതന്ത്രരും നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. തവാംഗിലെ മുക്തോ മണ്ഡലത്തിൽ നിന്ന് മുഖ്യമന്ത്രി പേമാ ഖണ്ഡു, ചൗഖാം മണ്ഡലത്തിൽ നിന്ന് ഉപമുഖ്യമന്ത്രി ചൗമ മെയിൻ എന്നിവരടക്കമാണ് എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടത്.

## ഇസ്രയേൽ പൗരന്മാർക്ക് വിലക്കേർപ്പെടുത്തി മാലദ്വീപ്

മാലെ: ഇസ്രയേൽ ഹമാസ് യുദ്ധത്തിൻറെ പശ്ചാത്തലത്തിൽ മാലദ്വീപ് ഇസ്രയേൽ പൗരന്മാർക്ക് വിലക്കേർപ്പെടുത്തി. മന്ത്രിസഭയുടെ ശിപാർശ പ്രകാരമാണ് തീരുമാനമെടുത്തതെന്ന് പ്രസിഡൻറ് മുഹമ്മദ് മുയിസു പറഞ്ഞു.

ഇസ്രയേൽ പൗരന്മാർ മാലദ്വീപിൽ പ്രവേശിക്കുന്നത് തടയുന്നതിന് വേണ്ടി നിയമഭേദഗതികൾ വരുത്തും. പാലസ്തീന് ആവശ്യമായ സഹായങ്ങൾ അവലോകനം ചെയ്യുന്നതിനായി പ്രത്യേക നയതന്ത്രപ്രതിനിധിയെ നിയമിക്കാനും മന്ത്രിസഭ തീരുമാനിച്ചു.

ഇസ്രയേലിൻറെ പാസ്പോർട്ട് രാജ്യത്ത് നിരോധിക്കാനുള്ള തീരുമാനം മന്ത്രിസഭാ യോഗത്തിൽ പ്രസിഡൻറ് ഡോ. മുഹമ്മദ് മുയിസു സ്വീകരിച്ചതായി ആഭ്യന്തര സുരക്ഷ, സാങ്കേതിക മന്ത്രി അലി ഇഹ്സൻ പറഞ്ഞു.

# മാലിന്യടാങ്ക് വൃത്തിയാക്കുന്നതിനിടെ തൊഴിലാളികൾ മരിച്ച സംഭവം; വില്ലനായത് വിഷവാതകം

കോഴിക്കോട്: ഹോട്ടലിൻറെ മാലിന്യ ടാങ്കിൽ രണ്ട് തൊഴിലാളികൾ ശ്വാസം മുട്ടി മരിച്ച സംഭവത്തിൽ വില്ലനായത് വിഷവാതകമെന്ന് പോസ്റ്റ്മോർട്ടം റിപ്പോർട്ട്.

ടാങ്കിനടിയിലെ വിഷവാതകം ശ്വസിച്ചതിനെ തുടർന്നാണ് തൊഴിലാളികൾ മരിച്ചതെന്നാണ് പോസ്റ്റ്മോർട്ടം റിപ്പോർട്ടിലെ പ്രാഥമിക നിഗമനം. തൊഴിലാളികളുടെ ശരീരത്തിൽ മറ്റു പരിക്കുകളൊന്നുമില്ലെന്നും റിപ്പോർട്ടിൽ പറയുന്നു.

അതേസമയം, ഏതു വിഷവാതകമാണ് ശ്വസിച്ചതെന്ന് അറിയാൻ കെമിക്കൽ റിപ്പോർട്ട് പുറത്തുവരേണ്ടതുണ്ട്. ഇതിനായി സാമ്പിളുകൾ പരിശോധനയ്ക്ക് അയച്ചിട്ടുണ്ടെന്നും ചേവായൂർ പോലീസ് അറിയിച്ചു.

ഇരിങ്ങാടൻ പള്ളി കാളാണ്ടിത്താഴം റോഡിൻറെ ഓരത്തെ അമ്മാസ് ധാബ ഹോട്ടലിൽ വെള്ളിയാഴ്ച വൈകുന്നേരമാണ് സംഭവം. കിനാലൂർ എറമ്പറ്റ തഴമാട്ടുമ്മൽ അശോകൻ (56), നടവണ്ണൂർ കരുവണ്ണൂർ തോലേറ്റിയിൽ റെനീഷ് (43) എന്നിവരാണ് മലിനടാങ്കിൽ വീണ് മരിച്ചത്.

പുതിയ നടത്തിപ്പുകാർക്ക് ഹോട്ടൽ കൈമാറുന്നതിൻറെ ഭാഗമായാണ് മാലിന്യടാങ്ക് വൃത്തിയാക്കാനുള്ള ശ്രമം നടന്നത്. പുതിയ നടത്തിപ്പുകാരുടെ ആവശ്യപ്രകാരമാണ് ഉടമയായ രാജശ്രീ തൊഴിലാളികളുമായി ടാങ്ക് വൃത്തിയാക്കാൻ എത്തിയിരുന്നത്. ഹോട്ടലിനു അടുക്കള ഭാഗത്തിനു സമീപമാണ് ടാങ്ക്. പത്തടി ആളമുള്ള ടാങ്കിൽ രണ്ടടി മലിനജലം കെട്ടിക്കിടന്നിരുന്നു. ഇതു വൃത്തിയാക്കുന്നതിനാണ് അശോകനും റെനീഷും എത്തിയത്.

ടാങ്കിൻറെ മാൻഹോൾ മാറ്റി ഇറങ്ങിയ അശോകൻ ടാങ്കിലേക്ക് കുഴഞ്ഞുവീഴുകയായിരുന്നു. ഇതുകണ്ട് രക്ഷിക്കാനായി ഇറങ്ങിയ റെനീഷും കുഴഞ്ഞുവീണു. വെള്ളിമാടുകുന്ന് അഗ്നിരക്ഷാ നിലയത്തിലെ റെസ്ക്യൂ ഓഫീസർ മനുപ്രസാദ് ഓക്സിജൻ മാസ്കുമായി ഇറങ്ങിയാണ് രണ്ടുപരെയും പുറത്തെത്തിച്ചത്.

രണ്ടു തൊഴിലാളികളും ബോധരഹിതരായി മലിന ജലത്തിൽ വീണു കിടക്കുകയായിരുന്നു. ഇവരെ കയർ കെട്ടിയാണ് മാൻഹോളിലൂടെ ഏറെ ദുഷ്കരമായി പുറത്തെടുത്തത്. ഈ സമയം രണ്ടുപേർക്കും അനക്കമുണ്ടായിരുന്നില്ല. ഉടൻ തന്നെ ഇവരെ മെഡിക്കൽ കോളജിലെത്തിച്ചുവെങ്കിലും ജീവൻ രക്ഷിക്കാൻ കഴിഞ്ഞില്ല. കെട്ടിക്കിടന്ന മാലിന്യത്തിൽ നിന്നു രൂപപ്പെട്ട ഹൈഡ്രജൻ സൾഫൈഡ്, മീഥെയ്ൻ വിഷ വാതകങ്ങളായിരിക്കാം തൊഴിലാളികളുടെ മരണത്തിന് കാരണമായതെന്ന് വെള്ളിമാടുകുന്ന് ഫയർസ്റ്റേഷൻ ഓഫീസർ റോബി വർഗീസ് പറഞ്ഞു.

# വോട്ടെണ്ണൽ: ഫലമറിയാൻ ഏകീകൃത സംവിധാനം

ലോക്സഭാ തിരഞ്ഞെടുപ്പിന്റെ വോട്ടെണ്ണൽ ജൂൺ 04 ന് രാവിലെ എട്ടു മണിക്ക് ആരംഭിക്കുമ്പോൾ പൊതുജനങ്ങൾക്കും മാധ്യമങ്ങൾക്കും തത്സമയം ഫലം അറിയാൻ ഏകീകൃത സംവിധാനം സജ്ജമാക്കിയതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ അറിയിച്ചു. തിരഞ്ഞെടുപ്പ് കമ്മീഷന്റെ വെബ്സൈറ്റിലും വോട്ടർ ഹെൽപ് ലൈൻ ആപ്പിലും തത്സമയം ഫലം അറിയാനാവും.

ഇലക്ഷൻ കമ്മീഷന്റെ എൻകോർ സോഫ്റ്റ് വെയറിൽ നിന്ന് തിരഞ്ഞെടുപ്പ് ഫലം വേേു://ൃലൌഹ്ലേ.ലരശ.ഴീ.ശി എന്ന വെബ്സൈറ്റ് വഴിയാണ് തത്സമയം ലഭ്യമാവുക. ഓരോ റൗണ്ട് വോട്ടെണ്ണൽ കഴിയുമ്പോഴും വോട്ടെണ്ണൽ കേന്ദ്രങ്ങളിൽ നിന്ന് നേരിട്ട് എആർഒമാർ തത്സമയം ലഭ്യമാക്കുന്ന ഫലമാണ് വെബ്സൈറ്റിൽ അതത് സമയം ലഭിക്കുക. ആദ്യമായാണ് ലോക്സഭ തിരഞ്ഞെടുപ്പിൽ ഇത്തരത്തിൽ രാജ്യത്തെ എല്ലാ മണ്ഡലങ്ങളിൽ നിന്നുള്ള ഫലങ്ങൾ ഏകീകൃത സംവിധാനം വഴി ലഭ്യമാക്കുന്നത്.

ഇലക്ഷൻ കമ്മീഷന്റെ വോട്ടർ ഹെൽപ് ലൈൻ (ീ ല്യേ വലഹുഹശില) ആപ്പ് വഴിയും തത്സമയ വിവരം ലഭ്യമാക്കും. ഹോം പേജിലെ ഇലക്ഷൻ റിസൾട്ട്സ് എന്ന മെനുവിൽ ക്ലിക്ക് ചെയ്താൽ ട്രെൻഡ്സ് ആന്റ് റിസൾട്ട്സ് എന്ന പേജിലേക്ക് പോവുകയും ഫലത്തിന്റെ വിശദവിവരങ്ങൾ ലഭിക്കുകയും ചെയ്യും. വോട്ടർ ഹെൽപ്പ് ലൈൻ ആപ്പ് ഗൂഗിൾ പ്ലേ സ്റ്റോറിൽനിന്നോ ആപ്പിൾ ആപ് സ്റ്റോറിൽനിന്നോ ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കാം. സംസ്ഥാനത്തെ എല്ലാ കൗണ്ടിംഗ് സെന്ററുകളിലും മീഡിയ സെന്ററുകൾ സജ്ജമാക്കിയിട്ടുണ്ട്. അവിടെ ഡിജിറ്റൽ ഡിസ്പ്ലേ ബോർഡിലും ലോക്സഭാ മണ്ഡലം തിരിച്ചുള്ള തിരഞ്ഞെടുപ്പ് ഫലം ലഭ്യമാകും. വോട്ടെണ്ണൽ ഫലങ്ങൾ തത്സമയം കമ്പ്യൂട്ടർ ശൃംഖലയിൽ ലഭ്യമാക്കി കേന്ദ്രീകൃത ഫലപ്രഖ്യാപനം നടത്തുന്നതിന് തിരഞ്ഞെടുപ്പ് കമ്മീഷൻ ഉപയോഗിക്കുന്ന എൻകോർ സോഫ്റ്റ് വെയറിന്റെ ട്രയൽ വെള്ളിയാഴ്ചയോടെ വിജയകരമായി പൂർത്തിയാക്കി.

## ലേബർ കോടതി സിറ്റിങ്

കോഴിക്കോട് ലേബർ കോടതി പ്രിസൈഡിംഗ് ഓഫീസർ രാജീവ് ജയരാജ് (ജില്ലാ ജഡ്ജ്) ജൂൺ മാസം 14ന് രാവിലെ 11ന് പാലക്കാട് ആർ.ഡി.ഒ കോടതി ഹാളിൽ തൊഴിൽ തർക്ക സംബന്ധമായി പാലക്കാട് ക്യാമ്പ് സിറ്റിംഗിൽ വിളിച്ചുവരുന്ന എല്ലാ കേസുകളും വിചാരണ ചെയ്യും.

# ഇന്ത്യൻ ടീമിനെ പരിശീലിപ്പിക്കാൻ കഴിയുന്നതിനേക്കാൾ വലിയ ബഹുമതിയില്ലെന്ന് ഗംഭീർ

ദുബായി: ദേശീയ ക്രിക്കറ്റ് ടീമിന പരിശീലിപ്പിക്കാൻ കഴിയുന്നതിനേക്കാൾ വലിയ ബഹുമതി വേറെയില്ലെന്ന് ഇന്ത്യൻ മുൻ ക്രിക്കറ്റ് താരം ഗൗതം ഗംഭീർ. ഇന്ത്യൻ ടീമിൻറെ മുഖ്യപരിശീലകനായി ഗംഭീറിനെ പരിഗണിക്കുന്നുവെന്ന റിപ്പോർട്ടുകൾ പുറത്തുവരുന്നതിനിടെയാണ് അദ്ദേഹത്തിൻറെ പ്രതികരണം. ഇന്ത്യൻ ടീമിനെ പരിശീലിപ്പിക്കുമ്പോൾ നമ്മൾ 140 കോടി ഇന്ത്യക്കാരെയും ലോകമെമ്പാടുമുള്ള ആരാധകരെയുമാണ് പ്രതിനിധീകരിക്കുന്നതെന്നും ഗംഭീർ പ്രതികരിച്ചു.

ഇന്ത്യ ലോകകപ്പ് നേടാൻ മൈതാനത്തിനു അകത്തും പുറത്തുമുള്ള എല്ലാവരുടെയും കൂട്ടായ പരിശ്രമം ആവശ്യമാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. 140 കോടി ഇന്ത്യക്കാരാണ് ഇന്ത്യയെ ലോകകപ്പ് വിജയിപ്പിക്കാൻ സഹായിക്കുന്നത്. ഞങ്ങൾ രാജ്യത്തെ പ്രതിനിധീകരിച്ചു കളിക്കുമ്പോൾ, എല്ലാവരും ഞങ്ങൾക്ക് വേണ്ടി പ്രാർഥിക്കുമ്പോൾ ഇന്ത്യ ലോകകപ്പ് നേടുമെന്നും ഗംഭീർ കൂട്ടിച്ചേർത്തു.

## ലഹരിയിൽ എരിഞ്ഞു തീരേണ്ടതല്ല ജീവിതം: മന്ത്രി

കൊട്ടാരക്കര: ലഹരിയുടെ നീരാളിപ്പിടുത്തത്തിൽ പിടഞ്ഞുതീരേണ്ടവരല്ല മനുഷ്യ ജൻമമെന്ന് മന്ത്രി ജെ. ചിഞ്ചു റാണി. പുകയിലയുടെയും മറ്റു മാരക ലഹരിപദാർത്ഥങ്ങളുടെയും ഉപയോഗം അവരുടെ ജീവിതത്തെ മാത്രമല്ല മറ്റുള്ളവരുടെയും ജീവിതത്തെ ദോഷകരമായി ബാധിക്കുമെന്ന് മന്ത്രി പറഞ്ഞു. കലയപുരം ആശ്രയിൽ നടന്നുവരുന്ന ലഹരി വിരുദ്ധ ബോധവത്ക്കരണ പരിപാടി ജൻ ബോധൻ 2024 ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അവർ. കൊട്ടാരക്കര ആശ്രയയുടെയും ജില്ലാ സാമൂഹ്യ നീതി ഓഫിസിൻറേയും ജില്ലാഭരണകൂടത്തിൻറെയും സംയുക്താഭിമുഖ്യത്തിൽ നശാമുക്ത് ഭാരത് അഭിയാൻ പദ്ധതിയുടെ ഭാഗമായാണ് ജന ബോധൻ 2024 നടത്തി വരുന്നത് . ജില്ലാ സാമൂഹ്യനീതി ഓഫീസർ എ. കെ. ഹരികുമാരൻ നായരുടെ അധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ മുനിസിപ്പൽ ചെയർമാൻ എസ്. ആർ. രമേശ്, വെട്ടിക്കവല ബ്ലോക്ക് പഞ്ചായത് പ്രസിഡൻറ് എസ്. രഞ്ജിത് കുമാർ, ജില്ലാ പഞ്ചായത്ത് അംഗം ആർ. രശ്മി, ആശ്രയ വൈസ് പ്രസിഡൻറ് പട്ടാഴി ജി. മുരളീധരൻ മാസ്റ്റർ, ട്രഷറർ കെ.ജി.അലക്സാണ്ടർ, നശാമുക്ത് ഭാരത് അഭിയാൻ ജില്ലാ കോഓർഡിനേറ്റർ കലയപുരം ജോസ് തുടങ്ങിയവർ പ്രസംഗിച്ചു.

# കരമനയാറിൻെറ ഇരുവശത്തെയും കര ഇടിയുന്നു

കാട്ടാക്കട : തലസ്ഥാന നഗരത്തിന് കുടിവെള്ളം എത്തിക്കുന്ന കരമനയാറിൻറെ കരകൾ ഇടിയുന്നതോടെ പ്രദേശവാസികൾ ഭീതിയിലെന്ന് നാട്ടുകാർ. കരമനയാറി കരകൾ ഇടിയുന്ന പ്രദേശങ്ങൾക്കു സമീപത്തെ കൃഷിഭൂമികൾ പലയിടത്തും ഇടിഞ്ഞു താഴുന്നു. ഇതോടെ സമീപത്തെ വീടുകളും അപകടഭീഷണി നേരിടുകയാണ്.

മഴക്കാടുകളായ അഗസ്ത്യമലയിൽ നിന്നും ഉത്ഭവിക്കുന്നതാണ് കരമനയാർ. 66 കി.മീ. നീളമുള്ള കരമനയാർ പനത്തുറയിലാണ് കടലിൽ ചേരുന്നത്. നദി കടന്നുപോകുന്ന സ്ഥലങ്ങളിലാണ് കരകൾ ഇടിഞ്ഞു താഴുന്നത്. ഈ പ്രദേശത്തെ 50ളം വീടുകൾ അപകട ഭീഷണിയിലാണ്. കനത്ത മഴയിൽ ഇരമ്പിയാർത്തുവന്ന വെള്ളം ഏതാണ്ട് ഒരു കിലോമീറ്റർ ദൂരത്തിൽ കരകളെ വിഴുങ്ങി കഴിഞ്ഞു.

തെങ്ങുകളും കരയിൽ നിന്നിരുന്ന മുളകളുടെ കൂട്ടവും വെള്ളത്തിൽ മുങ്ങുന്ന നിലയാണ് ഇപ്പോൾ. മഴ കനത്തതോടെ കരമനയാ റിൻറെ ഒഴുക്ക് പതിവിലും ശക്തമായിരിക്കുകയാണ്. കര ഇടിയുന്നത് തുടർ സംഭവമായപോടെ ആറിനോട് ചേർന്ന പ്രദേശങ്ങളിൽ കൃഷി ചെയ്യുന്ന കർഷകർ കൃഷി ഉപേക്ഷിക്കുന്ന അവസ്ഥയിലാണ്.

ആറിൽ അനധികൃതമായി മണലൂറ്റ് നടക്കുന്നതായി നാട്ടുകാർ പലതവണ അധികൃതർക്ക് പരാതി നൽകിയിരുന്നതാണ്. എന്നാൽ കൃത!്യമായ നടപടി ഉണ്ടാകുന്നില്ലെന്ന ആക്ഷേപവും നാട്ടുകാർ ഉയർത്തുന്നു.

നിരവധി കുടിവെള്ള പദ്ധതികളാണ് കരമനയാറിനെ ആശ്രയിച്ച് നടപ്പാക്കി വരുന്നത്. മണലൂറ്റ് അടക്കം അനധികൃതമായി നടക്കുന്നതിനാൽ വേനൽ കാലമാകുമ്പോൾ കുടിവെള്ള പദ്ധതിയെ ബാധിക്കുമോയെന്ന ആശങ്കയും നാട്ടുകാർക്ക് ഉണ്ട്.

## സ്വകാര്യ ആശുപത്രിയിൽ നാല് വയസുകാരൻ മരിച്ച സംഭവം; പോലീസ് കേസെടുത്തു

മലപ്പുറം: കൊണ്ടോട്ടിയിലെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലിരിക്കെ നാല് വയസുകാരൻ മരിച്ച സംഭവത്തിൽ കൊണ്ടോട്ടി പൊലീസ് കേസെടുത്തു. ബന്ധുക്കളുടെ പരാതിയിലാണ് അസ്വാഭാവിക മരണത്തിന് പോലീസ് കേസെടുത്തത്.

അരിമ്പ്ര സ്വദേശി നിസാറിൻറെ മകൻ മുഹമ്മദ് ഷാനിൽ ആണ് ചികിത്സയ്ക്കിടെ മരിച്ചത്. കൊണ്ടോട്ടി മേഴ്സി ആശുപത്രിയിൽ ശനിയാഴ്ചയാണ് സംഭവം.

വായിൽ മുറിവുണ്ടായതിനെ തുടർന്നാണ് കുട്ടിയെ ആശുപത്രിയിലെത്തിച്ചത്. മുറിവ് തുന്നിക്കെട്ടാൻ കുട്ടിക്ക് അനതേഷ്യ നൽകിയതിന് പിന്നാലെയായിരുന്നു മരണം. സംഭവത്തിൽ ചികിത്സാ പിഴവ് ആരോപിച്ച് ബന്ധുക്കൾ ആശുപത്രിയിൽ പ്രതിഷേധിച്ചിരുന്നു.

എന്നാൽ ചികിത്സയിൽ വീഴ്ചയുണ്ടായില്ലെന്നും അനസ്തേഷ്യ നൽകിയതിന് പിന്നാലെ ഹൃദയാഘാതമുണ്ടായതോടെയാണ് കുട്ടി മരിച്ചതെനന്നുമാണ് ആശുപത്രി അധികൃതരുടെ വിശദീകരണം.

## തിരുവല്ലം ശ്രീധർമ ശാസ്താ ക്ഷേത്രത്തിൽ കവർച്ച

തിരുവല്ലം: തിരുവല്ലം വണ്ടിത്തടം കരിങ്കടമുകൾ ശ്രീധർമ ശാസ്താ ക്ഷേത്രത്തിൽ വൻ കവർച്ച. പൂജാ സംബന്ധമായി ബന്ധപ്പെട്ട നിരവധി സാധന സാമഗ്രികളും അമ്പതിനായിരത്തോളം രൂപയും നഷ്ടപ്പെട്ടതായി ക്ഷേത്രം അധികൃതർ തിരുവല്ലം പോലീസിൽ നൽകിയ പരാതിയിൽ പറയുന്നു. ശനിയാഴ്ച പുലർച്ചെ ഒരു മണിയ്ക്കും അഞ്ചുമണിയ്ക്കുമിടയിലാണ് കവർച്ച നടന്നത്. രാത്രി ഒരു മണിയ്ക്ക് പട്രോളിംഗിൻറെ ഭാഗമായി തിരുവല്ലം പോലീസ് ക്ഷേത്ര പരിസരത്തെത്തിയിരുന്നു. അതിനു ശേഷമാണ് കവർച്ച നടന്നത്. ക്ഷേത്രത്തിനുള്ളിൽ കടന്ന മോഷ്ടാക്കൾ ഓഫീസിൽ സൂക്ഷിച്ചിരുന്ന 20 ഓളം വിളക്കുകൾ, പൂജാപാത്രങ്ങൾ, സ്വർണ പൊട്ടുകൾ, ജീവനക്കാർക്കു ശമ്പളം നൽകാൻ സൂക്ഷിച്ചിരുന്ന മുപ്പതിനായിരത്തോളം രൂപ എന്നിവയാണ് കവർന്നത്. കൂടാതെ രണ്ടു കാണിക്കവഞ്ചികൾ തകർത്ത് ഇരുപതിനായിരത്തോളം രൂപയും കവർന്നിട്ടുണ്ട്.

# ഭാര്യയെ വെട്ടിപ്പരിക്കേൽപ്പിച്ച സംഭവം: ഭർത്താവും സുഹൃത്തും അറസ്റ്റിൽ

വലിയതുറ: കൊച്ചുവേളി ശംഭുവെട്ടത്ത് ഭാര്യയെ വെട്ടിപ്പരിക്കേൽപ്പിച്ച കേസിൽ ഭർത്താ വ് ഉൾപ്പെടെ രണ്ടുപേരെ വലിയതുറ പോലീസ് അറസ്റ്റ് ചെയ്തു. യുവതിയുടെ ഭർത്താവായ ഭരതന്നൂർ മയിലമൂട് സേമ്യക്കട അനീഷ് ഭവനിൽ അനീഷ് (36), അനീഷിൻറെ സുഹൃത്തും കാർ ഡ്രൈവറുമായ മുരുക്കുംപുഴ മുല്ലശേരി ആർ.എം. നിവാസിൽ റഫീക്ക് (38) എന്നിവരെയാണ് പോലീസ് അറസ്റ്റ് ചെയ്തത്.

ഇക്കഴിഞ്ഞ മേയ് 25 ശനിയാഴ്ച ഉച്ചതിരിഞ്ഞ് 3.30 ഓടെ അനീഷിൻറെ ഭാര്യയായ കൊച്ചുവേളി സ്വദേശിനി സോണിയയെ (24) സുഹൃത്തായ റഫീക്കിനൊപ്പം കാറിലെത്തിയ അനീഷ് കൊച്ചുവേളി ശുഭുവെട്ടത്തുനടു റോഡിൽ തടഞ്ഞു നിർത്തി വെട്ടിപ്പരിക്കേൽപ്പിക്കുകയായിരുന്നു. സോണിയ അനീഷുമായി പിണങ്ങി കഴിഞ്ഞുവരികയായിരുന്നു.

സംഭവ ദിവസം കഴക്കൂട്ടത്തുള്ള ഹോസ്റ്റലിൽ താമസിക്കുന്ന സോണിയ കൂട്ടുകാരിയെ കാണാനായി കൊച്ചുവേളിയിലെത്തുകയുണ്ടായി. കൂട്ടുകാരിയുടെ വീട്ടിലേയ്ക്കു പോകുന്ന വഴി വിവരമറിഞ്ഞെത്തിയ അനീഷ് റോഡിൽവച്ച് സോണിയായുമായി സംസാരിക്കുകയും തുടർന്ന് വാക്കുതർക്കത്തിലേർപ്പെടുകയും കൈയ്യിൽ കരിതിയിരുന്ന വെട്ടുകത്തി ഉപയോഗിച്ചു സോണിയയുടെ കഴുത്തിലും കൈകളിലും വെട്ടിപ്പരിക്കേൽപ്പിക്കുകയുമായിരുന്നു.

നിലവിളികേട്ട് നാട്ടുകാർ ഓടിയെത്തിയപ്പോഴേക്കും അനീഷ് സുഹൃത്ത് റഫീക്ക് ഓടിച്ച കാറിൽ കയറി രക്ഷപ്പെടുകയായിരുന്നു. തുടർന്ന് നാട്ടുകാരുടെ നേതൃത്വത്തിൽ സോണിയയെ മെഡിക്കൽ കോളജ് ആശുപത്രിയിൽ എത്തിക്കുകയായിരുന്നു. യുവതിയുടെ ബന്ധുക്കൾ നൽകിയ പരാതിയിൽ കേസെടുത്ത് അനേഷണം നടത്തവേയാണ് രണ്ടു പേരെയും പോലീസ് കഴിഞ്ഞ ദിവസം അറസ്റ്റ് ചെയ്തത്. ശനിയാഴ്ച കോടതിയിൽ ഹാജരാക്കിയ പ്രതികളെ റിമാൻഡ് ചെയ്തു.

## രാജസ്ഥാനിൽ ട്രാക്ടർ ട്രോളി മറിഞ്ഞ് 13 പേർക്ക് ദാരുണാന്ത്യം

ഭോപ്പാൽ: മധ്യപ്രദേശിലെ രാജ്ഗഡ് ജില്ലയിലെ പിപ്ലോധിജാദിൽ ട്രാക്ടർ ട്രോളി മറിഞ്ഞ് നാല് കുട്ടികളടക്കം 13 പേർ മരിച്ചു. 15 പേർക്ക് പരിക്കേറ്റു.

പരിക്കേറ്റവരിൽ 13 പേരെ ജില്ലാ ആശുപത്രിയിൽ പ്രവേശിപ്പിച്ചു, രണ്ടുപേരെ തലയ്ക്കും നെഞ്ചിനും പരിക്കേറ്റതിനാൽ വിദഗ്ധ പരിചരണത്തിനായി ഭോപ്പാലിലേക്ക് മാറ്റിയതായി രാജ്ഗഡ് കളക്ടർ ഹർഷ് ദീക്ഷിത് പറഞ്ഞു.

അയൽസംസ്ഥാനമായ രാജസ്ഥാനിൽ നിന്ന് വന്ന ഒരു വിവാഹ പാർട്ടിയിലെ അംഗങ്ങളാണ് കൊല്ലപ്പെട്ടതെന്ന് പ്രദേശവാസികൾ അറിയിച്ചു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# ഇന്ത്യയിലെ തെരഞ്ഞെടുപ്പുകളും അതിലൂടെ പൊടിക്കുന്ന കോടികളും

ഒന്നാം പേജ് തുടർച്ച

പാർട്ടിയായിരുന്നു പ്രതിപക്ഷം 16 സീറ്റ്. സോഷ്യലിസ്റ്റ് പാർട്ടിക്ക് 12 സീറ്റും ലഭിച്ചു. ഹിന്ദു മഹിഡ54, ജനസംഘം3, കിസാൻ മസ്ദൂർ പ്രജാ പരിഷത് 9, ആർഎസ്പി 3,എന്നിങ്ങനെ മറ്റുകക്ഷികളും. സ്വതന്ത്രർക്ക് 37 സീറ്റും ലഭിച്ചു. 1952 ഏപ്രിൽ 17നാണ് ആദ്യ ലോക്സഭ നിലവിൽ വന്നത്.

52ന് പുറമെ 1957, 1962, 1967, 1971, 1977, 1980, 1984, 1989, 1991, 1996, 1998, 1999, 2004, 2009, 2014, 2019, വർഷങ്ങളിലാണ് ഇന്ത്യയിലെ പൊതുതിരഞ്ഞെടുപ്പുകൾ നടന്നത്. 1952 നും 2024 നും ഇടയിൽ ഇന്ത്യയിൽ ഒട്ടേറെ മാറ്റങ്ങൾ സംഭവിച്ചു. ആ മാറ്റങ്ങളൊക്കെ ഇന്ത്യയിലെ രാഷ്ട്രീയ സംവിധാനത്തിലും രാഷ്ട്രീയ കക്ഷികളിലും പ്രതിഫലിക്കുകയും ചെയ്തു. 195152 കാലത്ത് ഇന്ത്യ ആദ്യ പൊതുതിരഞ്ഞെടുപ്പിനെ അഭിമുഖീകരിക്കുമ്പോൾ അന്ന് ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ ഉണ്ടായിരുന്നില്ല. ബാലറ്റ് പേപ്പറിലായിരുന്നു വോട്ടർമാർ തങ്ങളുടെ സമ്മതിദാനവകാശം നിയോഗിച്ചത്. അന്ന് ആദ്യത്തെ തിരഞ്ഞെടുപ്പ് 489 ലോകസഭാ സീറ്റിലേക്കുള്ളതായിരുന്നുവെങ്കിൽ ഇപ്പോളത് 543 ആയി ഉയർന്നിരിക്കുന്നു.195152 ൽ ആദ്യത്തെ തിരഞ്ഞെടുപ്പിൽ ഇന്ത്യയിൽ 17 കോടി 32 ലക്ഷം പേർക്കായിരുന്നു വോട്ടിംഗ് അവകാശം ഉണ്ടായിരുന്നത്.

കഴിഞ്ഞ 72 വർഷത്തിനിടയിൽ ഇന്ത്യയിൽ സംഭവിച്ച ഒരു പ്രധാനപ്പെട്ട ഒരു മാറ്റം ഇന്ത്യയിലെ പ്രാദേശിക രാഷ്ട്രീയ കക്ഷികൾക്കുണ്ടായ ജനസ്വാധീനമാണ്. പല സംസ്ഥാനങ്ങളിലും ഇന്നും ഭരിക്കുന്നത് പ്രാദേശിക രാഷ്ട്രീയ കക്ഷികളാണ്. 1980 കൾക്കു ശേഷമാണ് ഇന്ത്യൻ രാഷ്ട്രീയത്തിൽ പ്രാദേശിക കക്ഷികളുടെ സ്വാധീനവും പ്രസക്തിയും കൂടുതൽ വർദ്ധിക്കുന്നത്. തെക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിലെ പ്രധാന രാഷ്ട്രീയ കക്ഷികൾ പ്രാദേശിക പാർട്ടികളാണ്. ഇതിനുദാഹരണമാണ് ഡി.എം.കെ, എ.ഐ.ഡി.എം.കെ, തെലുങ്ക് ദേശം പാർട്ടി. വൈ.എസ്.ആർ കോൺഗ്രസ്സ്,ബി.ആർ.എസ്. തുടങ്ങിയവ. ഇന്ത്യയുടെ കിഴക്കൻ സംസ്ഥാനങ്ങളായ ആസാം, നാഗാലാന്റ്, മണിപ്പൂർ, മിസോറാം, അരുണാചൽ പ്രദേശ്, ഇവിടെയെല്ലാം ഏറ്റവും സ്വാധീനമുള്ളത് പ്രാദേശിക കക്ഷികളാണ്. ഇന്ത്യയുടെ പ്രാദേശിക കക്ഷികൾ ഇന്ത്യയുടെ സാസ്കാരിക വൈവിധ്യത്തെയും ബഹുസ്വരതയെയുമാണ് യഥാർത്ഥത്തിൽ പ്രതിഫലിക്കുന്നത്. കോൺഗ്രസിനെയും ബിജെപിയേയും പോലുള്ള ദേശീയ പാർട്ടികൾ പലപ്പോഴും പ്രാദേശിക കക്ഷികളുമായി തിരഞ്ഞെടുപ്പ്,ധാരണകൾ ഉണ്ടാക്കുന്നു. അങ്ങനെ ഇന്ത്യയുടെ ദേശീയ പാർട്ടികൾക്ക് പോലും പ്രാദേശിക രാഷ്ട്രീയ പാർട്ടികളുടെ സഹായമില്ലാതെ അധികാരത്തിലെത്താൻ പറ്റുകയില്ല എന്നുള്ളതാണ് ഇന്നത്തെ ഇന്ത്യൻ സാഹചര്യം.

## ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്: കൂട്ടിച്ചേർക്കൽ വിജ്ഞാപനം

കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് 11.10.2023 ൽ വിജ്ഞാപനം ചെയ്ത തിരുവിതാംകൂർ ദേവസ്വം ബോർഡിലെ നാദസ്വരം കം വാച്ചർ (കാറ്റഗറി നം. 04/2023), തകിൽ കം വാച്ചർ (കാറ്റഗറി നം. 05/2023) തസ്തികകളിലെ ഒഴിവുകൾ നികത്തുന്നത് സംബന്ധമായ വിശദാംശങ്ങൾ 30.04.2024 ലെ കൂട്ടിചേർക്കൽ വിജ്ഞാപന പ്രകാരം 1417/ആർ1/2023/ കെ.ഡി.ആർ.ബി, 1419/ ആർ1/2023/ കെ.ഡി.ആർ.ബി നമ്പരുകളായി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

വിശദാംശങ്ങൾക്കായി കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ ഔദ്യോഗിക വെബ്സൈറ്റ് (www.kdrb.kerala.gov.in) സന്ദർശിക്കുക.

## പഞ്ചാബിൽ ചരക്ക് ട്രെയിനുകൾ കൂട്ടിയിടിച്ചു; ലോക്കോ പൈലറ്റുമാർക്ക് പരിക്ക്

ചണ്ഡീഗഡ്: പഞ്ചാബിലെ മധോപൂരിൽ ചരക്ക് ട്രെയിനുകൾ കൂട്ടിയിടിച്ച് അപകടം. രണ്ട് പൈലറ്റുമാർക്ക് പരിക്കേറ്റു. ഇവരെ ആശുപത്രിയിലേക്ക് മാറ്റി.

ഇന്ന് പുലർച്ചെയായിരുന്നു അപകടം. മധോപൂരിലെ സിർഹിന്ദ് സ്റ്റേഷനിൽ നിർത്തിയിട്ടിരുന്ന ചരക്ക് ട്രെയിനിലേക്ക് അമിത വേഗതയിലെത്തിയ മറ്റൊരു ചരക്ക് ട്രെയിൻ ഇടിക്കുകയായിരുന്നു. അപകടമുണ്ടായതിനെ തുടർന്ന് അംബാല റൂട്ടിലെ ട്രെയിൻ ഗതാഗതം ഏറെ നേരം തടസപ്പെട്ടു.

സംഭവത്തിൽ പോലീസ് അന്വേഷണം ആരംഭിച്ചു. ട്രെയിൻ നിർത്തിയിട്ടിരുന്ന പാളത്തിലൂടെയാണോ മറ്റേ ട്രെയിൻ വന്നതെന്ന കാര്യം പോലീസ് അന്വേഷിച്ച് വരികയാണ്.

## എൽഡിഎഫ് വിട്ടുപോകില്ല; ലീഗ് പ്രവേശനം തള്ളി അഹമ്മദ് ദേവർകോവിൽ

കോഴിക്കോട്: മുസ്ലീം ലീഗ് പ്രവേശനം തള്ളി മുൻ മന്ത്രിയും ഐഎൻഎൽ നേതാവുമായ അഹമ്മദ് ദേവർകോവിൽ. തനിക്ക് മുസ്ലീം ലീഗിലേക്ക് പോകേണ്ട ആവശ്യമില്ലെന്ന് അദ്ദേഹം പ്രതികരിച്ചു.

അഹമ്മദ് ദേവർകോവിലിനെ ലീഗിലേക്ക് എത്തിക്കാൻ പ്രാഥമിക ചർച്ചകൾ നടന്നെന്ന തരത്തിൽ വാർത്തകൾ വന്ന പശ്ചാത്തലത്തിലാണ് പ്രതികരണം. ഒരു സാഹചര്യത്തിലും ഇടതു മുന്നണിക്ക് പുറത്തുപോകണമെന്ന ചിന്ത ഉണ്ടായിട്ടില്ല. മുസ്ലീം ലീഗുമായി ഒരു തരത്തിലുള്ള ബന്ധവും ആഗ്രഹിക്കുന്നില്ല. ലീഗ് മോശമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ അവരുമായി ബന്ധപ്പെടേണ്ട സാഹചര്യമില്ലെന്നും അദ്ദേഹം പറഞ്ഞു.

കെഎം.ഷാജിയുമായി തനിക്ക് അടുത്ത ബന്ധമില്ല. ലീഗ് കേന്ദ്രങ്ങളിൽ നിന്നാണ് വാർത്തകൾ വന്നിരിക്കുന്നത്. ഐഎൻഎല്ലിൽ നിന്ന് പുറത്താക്കപ്പെട്ട ആളുകളാണ് വാർത്തയ്ക്ക് പിന്നിലെന്നും അദ്ദേഹം ആരോപിച്ചു.

അഹമ്മദ് ദേവർകോവിലിനെ ലീഗിലെത്തിക്കാൻ പ്രാഥമിക ചർച്ചകൾ നടന്നെന്നും കെ.എം.ഷാജി അടക്കമുള്ള നേതാക്കളാണ് ഇതിന് നേതൃത്വം നൽകിയതെന്നുമായിരുന്നു പുറത്തുവന്ന റിപ്പോർട്ടുകൾ.

## ഭിന്നശേഷിക്കാർക്ക് നിപ്മറിൽ തൊഴിൽ പരിശീലനം: മന്ത്രി ഡോ. ആർ ബിന്ദു

സംസ്ഥാന സാമൂഹ്യനീതി വകുപ്പിന് കീഴിൽ തൃശൂർ ഇരിങ്ങാലക്കുടയിൽ പ്രവർത്തിക്കുന്ന നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബിലിറ്റേഷനിൽ (നിപ്മർ) ഭിന്നശേഷിക്കാർക്ക് തൊഴിൽ പരിശീലനം നൽകുന്നതായി ഉന്നതവിദ്യാഭ്യാസസാമൂഹ്യനീതി മന്ത്രി ഡോ. ആർ ബിന്ദു പറഞ്ഞു. കമ്പ്യൂട്ടർ ട്രെയിനിങ്, ബേക്കിംഗ് ആൻഡ് കൺഫെക്ഷണറി കോഴ്സ്, ഹോർട്ടികൾച്ചർ നഴ്സറി മാനേജ്മെന്റ് ആൻഡ് ഓർഗാനിക് ഫാമിംഗ്, പേപ്പർ ക്രാഫ്റ്റ്, ഹൗസ് കീപ്പിംഗ് എന്നീ മേഖലകളിലാണ് പരിശീലനം.

18 നും 30 നും ഇടയിൽ പ്രായമുള്ള ഭിന്നശേഷിക്കാരായ യുവതീ യുവാക്കൾക്ക് അപേക്ഷിക്കാം. എംപവർമെൻറ് ത്രൂ വൊക്കേഷണലൈസഷൻ (എംവോക്) പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് പരിശീലനം.

വിദഗ്ധരുടെ വിശദമായ വിലയിരുത്തലുകൾക്ക് ശേഷം ഓരോ വ്യക്തിക്കും അനുയോജ്യമായ തൊഴിൽ മേഖലകൾ കണ്ടെത്തിയാണ് പരിശീലനം നൽകുന്നത്.

തൊഴിൽ പഠന പരിശീലനത്തോടൊപ്പം സാമൂഹ്യ ഇടപെടൽ, വ്യക്തിത്വ വികാസം എന്നിവയിലും പരീശീലനം നൽകും.

താത്പര്യമുള്ളവർ ജൂൺ പത്തിനകം 9288099586 എന്ന നമ്പറിൽ ബന്ധപെടണം.

## മെഡിസെപ് തിരുത്തലുകൾക്ക് 10 വരെ അപേക്ഷിക്കാം

മെഡിസെപ് ബാധകമായ എല്ലാ പെൻഷൻകാരും മെഡിസെപ് പോർട്ടലിൽ അവരവരുടെ വിവരങ്ങൾ പരിശോധിച്ച് അവ കൃത്യമാണെന്ന് ഉറപ്പുവരുത്തണമെന്നു ട്രഷറി ഡയറക്ടർ അറിയിച്ചു.

തിരുത്തലുകൾ ആവശ്യമുള്ളപക്ഷം അപേക്ഷ ജൂൺ 10നു മുമ്പ് ബന്ധപ്പെട്ട ട്രഷറിയിൽ സമർപ്പിക്കണമെന്നും അറിയിപ്പിൽ പറയുന്നു.

## എക്സിറ്റ് പോളിൽ വിശ്വാസമില്ല, ഇന്ത്യാ മുന്നണി അധികാരത്തിൽ വരും: ചെന്നിത്തല

ആലപ്പുഴ: രാജ്യത്ത് ബിജെപി മൂന്നാം തവണയും അധികാരത്തിൽ വരുമെന്ന് പ്രവചിച്ചുകൊണ്ടുള്ള എക്സിറ്റ് പോൾ ഫലങ്ങളിൽ പ്രതികരണവുമായി കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തല. എക്സിറ്റ് പോളിൽ വിശ്വാസമില്ലെന്നും ഇന്ത്യാ മുന്നണി സർക്കാർ രൂപീകരിക്കുമെന്നും ചെന്നിത്തല പ്രതികരിച്ചു.

മോദിക്കെതിരായ വികാരം രാജ്യത്ത് ശക്തമാണ്. കോൺഗ്രസ് അധ്യക്ഷൻ പറഞ്ഞതുപോലെ 295 സീറ്റ് നേടും. കേരളത്തിൽ 20ൽ 20 സീറ്റും നേടും.

അതിനുള്ള എല്ലാ സാഹചര്യവും ഉണ്ട്. കേരളത്തിൽ ബിജെപി അക്കൗണ്ട് തുറക്കില്ലെന്നും ചെന്നിത്തല കൂട്ടിച്ചേർത്തു.

## മോദിയുടെ ഗാന്ധി നിന്ദയ്ക്കെതിരെ സാംസ്കാരിക പ്രവർത്തകരുടെ പ്രതിഷേധം

പ്രധാനമന്ത്രി നരേന്ദ്രമോദി നടത്തിയ ഗാന്ധി നിന്ദയിൽ കേരളത്തിലെ സാംസ്ക്കാരിക പ്രവർത്തകരുടെ പ്രതിഷേധം രേഖപ്പെടുത്തി സംയുക്ത പ്രസ്താവന നടത്തി.

**പസ്താവനയുടെ പൂർണ്ണ രൂപം:**

ഗാന്ധി വധം ഒരിക്കൽ കൂടി രാഷ്ട്രപിതാവിനെ അപമാനിച്ച നരേന്ദ്ര മോദിക്ക് രാഷ്ട്രത്തെക്കുറിച്ച് സംസാരിക്കാൽ യോഗ്യത ഇല്ലാതെയായി. മഹാത്മാവിനെ കുറിച്ച് പ്രധാന മന്ത്രിയ്ക്കുള്ള അജ്ഞതയാണ് ഈ പ്രസ്താവനയിൽ കൂടി വെളിവായിരിക്കുന്നത്. ”എന്റെ ജീവിതമാണ് എന്റെ സന്ദേശം” എന്നതിൽ മഹാത്മാവ് ആരാണെന്നും എന്താണെന്നും പൂർണ അർത്ഥത്തിൽ വ്യക്തമാണ്.

ജനമനസ്സിൽ ആരാധനാവസന്തമാണ് മഹാത്മാഗാന്ധി. അദ്ദേഹത്തെ ലോകം അറിഞ്ഞത് 1982 ൽ ഇറങ്ങിയ വിദേശിയായ ആറ്റൺബറോവിന്റെ സിനിമ കാരണമെന്ന് 10 വർഷം ഇന്ത്യ ഭരിച്ച പ്രധാനമന്ത്രി മോദി പറയുമ്പോൾ ആ നിമിഷം മുതൽ അദ്ദേഹം ഇന്ത്യക്കാരുടെ പരിഹാസപാത്രമായി മാറിയിരിക്കുന്നു.

അജ്ഞതയോ ഗാന്ധിയോടുള്ള അവജ്ഞയോ എന്താണ് ജുഗുപ്സാവഹമായ ഈ പ്രസ്താവനക്ക് പിന്നിലെന്ന് ഇന്ത്യ യിലെ ഓരോ പൗരനും അറിയേണ്ടിയിരിക്കുന്നു.

ഗാന്ധിജിയെ മനസ്സിലാക്കുന്നതിൽ പരാജയപ്പെടുന്നതും, അതല്ല മനപ്പൂർവ്വം പറയുന്നതായാലും രാഷ്ട്രീയ വിദ്യാഭ്യാസത്തിന്റെ അപര്യാപ്തയാണ് കാണിക്കുന്നത്. ഗാന്ധിയുടെ സഹനസമരം കൊണ്ട് നേടിയെടുത്ത സ്വാതന്ത്ര്യവും ജനാധിപത്യവും ഉപയോഗപ്പെടുത്തി അധികാരത്തിലെത്തിയിട്ട് ഗാന്ധി ഘാതകരെ ആദരിക്കുന്ന ഭരണക്രമം സൃഷ്ടിക്കുന്നവരുടെ അനുയായികൾ ഗാന്ധി വധം പുനരാവിഷ്കരിക്കുന്ന രാജ്യത്ത് ഭരണത്തലവനും ആ കൃത്യം നിർവ്വഹിച്ചിരിക്കുന്നു എന്നുവേണം മനസ്സിലാക്കാൻ.

പാഠപുസ്തകത്തിൽ നിന്നും ഗാന്ധിയെ മറയ്ക്കാൻ ശ്രമിച്ചു പരാജയപ്പെട്ടവർ ഇങ്ങനെ അല്പജ്ഞനം വിളമ്പുന്നത് ക്രൂരമാണ്. നൂറ്റാണ്ടുകളിൽ ഒരാൾ മാത്രമേയുള്ളു മഹാത്മാഗാന്ധിയെ പോലെ ഉണ്ടാവുക. പഠിച്ചു തീർക്കാൻ പറ്റാത്തതാണ് ഗാന്ധിജിയുടെ ജീവിതവും ദർശനവും. എത്ര കോരിയെടുത്താലും തീരാത്ത വൈജ്ഞാനിക ധൈക്ഷണിക നീരുറവയാണ് അദ്ദേഹത്തിന്റെ ജീവിത ദർശനങ്ങൾ.

2014 ൽ അധികാരത്തിൽ വന്നപ്പോൾ മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയുടെ പേര് മാറ്റി സംഘ്പരിവാർ നേതാവിന്റെ പേരിലാക്കാൻ ശ്രമിച്ചു പരാജയപ്പെടാൻ കാരണം ജനമനസ്സ് നിശബ്ദമായി പ്രതികരിച്ചതു കൊണ്ടാണെന്ന കാര്യം പ്രധാനമന്ത്രി മോദി മറന്നുപോകരുത്. ലോകനേതാക്കൾ ഗാന്ധിജിയെ ഒരു പാട് പഠിച്ചു; പക്ഷെ മോദി ഒട്ടും പഠിച്ചില്ല എന്നത് ഈ ഒറ്റ പ്രസ്താവനയിലൂടെ വ്യക്തമായിരിക്കുന്നു. സൂര്യനും ചന്ദ്രനും അസ്തമിക്കാത്ത കാലത്തോളം ഗാന്ധിക്ക് പ്രത്യേക പ്രചാരവേല ആരും സംഘടിപ്പിക്കേണ്ടതില്ല.

ദുഷ്ടലാക്കോടെ ഗാന്ധിജിയെ തെരഞ്ഞെടുപ്പ് വിഷയമായി വലിച്ചിഴച്ചത് ദൗർഭാഗ്യകരമായ സംഗതിയാണ്. സംഘർഷങ്ങൾക്കോ ബലപരീക്ഷണങ്ങൾക്കോ ആയുധമാക്കേണ്ട വ്യക്തിത്വമല്ല ആ അഹിംസ വാദിയുടേത്. സത്യത്തിന്റെ സന്ദേശവാഹകന്റെ ജീവിതം. ഇത്തരമൊരു പ്രതികരണം പ്രധാനമന്ത്രി പദത്തിന് ഒട്ടും യോജിച്ചതല്ല.

ഇന്ത്യയുടെ പ്രധാനമന്ത്രി പദത്തിലിരുന്നുകൊണ്ട് ശ്രീ.നരേന്ദ്രമോദി നടത്തിയ പ്രസ്താവനയെ ഞാൻ ശക്തമായ ഭാഷയിൽ അപലപിക്കുന്നു.

കന്യാകുമാരിയിലെ ധ്യാന കേന്ദ്രത്തിലെ ധ്യാനം കഴിഞ്ഞിറങ്ങുമ്പോൾ പ്രധാനമന്ത്രി പദത്തിന് ഒട്ടും യോജിച്ചതല്ല. ഇന്ത്യയുടെ പ്രധാനമന്ത്രി പദത്തിലിരുന്നുകൊണ്ട് പറഞ്ഞത് തിരുത്തുമെന്ന് നമുക്ക് പ്രതീക്ഷിക്കാം.

**പ്രസ്താവനയയിൽ ഒപ്പിട്ടവർ.**

ടി.പദ്മനാഭൻ, പെരുമ്പടവം ശ്രീധരൻ, ഡോ.പി.വി.കൃഷ്ണൻ നായർ, എം.പി.സുരേന്ദ്രൻ, ബാലചന്ദ്രൻ വടക്കടുത്ത്, അഷ്ടമൂർത്തി, ഗ്രേസി വി.വി. കുമാർ, ഡോ.കെ.പി.കണ്ണൻ, എം.എൻ.കാരശ്ശേരി, ശ്രീമൂലനഗരം മോഹൻ, പന്തളം സുധാകരൻ, ചെറിയാൻ ഫിലിപ്പ്, പ്രൊഫ.കെ.ശശികുമാർ, സുധ മേനോൻ,യുവി.സി.കബീർ മാസ്റ്റർ,വിനോയ് തോമസ്, , അഡ്വ പഴകുളം മധു, ഡോ വിളക്കുടി രാജേന്ദ്രൻ,ഡോ.മേരി ജോർജ് ടി.സ്.ജോയി, കാട്ടൂർ നാരായണപിള്ള , ആർട്ടിസ്റ്റ് ബി.ഡി.ദത്തൻ, ഡോ.നെടുമുടി ഹരികുമാർ, പ്രിയദർശിനി പബ്ലിക്കേഷൻസ് സെക്രട്ടറി ബിന്നി സാഹിതി.

## മിനി ആന്റണിക്കു യാത്രയയപ്പ് നൽകി

സർവ്വീസിൽ നിന്ന് വിരമിച്ച സാംസ്കാരികകാര്യ വകുപ്പ് സെക്രട്ടറി മിനി ആന്റണിക്ക് പുരാവസ്തു, പുരാരേഖ, മ്യൂസിയം വകുപ്പ് മന്ത്രി കടന്നപ്പള്ളി രാമചന്ദ്രന്റെ ആഭിമുഖ്യത്തിൽ യാത്രയയപ്പ് നൽകി. സഹകരണം, ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ്, ന്യൂനപക്ഷക്ഷേമം, സാംസ്കാരികം തുടങ്ങിയ വകുപ്പുകളുടെ കൂടി സെക്രട്ടറിയായിരുന്നു.

തൈക്കാട് ഗവൺമെന്റ് ഗസ്റ്റ് ഹൗസിൽ നടന്ന ചടങ്ങിൽ സാംസ്കാരികകാര്യ വകുപ്പ് ജോയിന്റ് സെക്രട്ടറി രാജേഷ് ജി.ആർ. അധ്യക്ഷത വഹിച്ചു.

മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഉപഹാരം സമർപ്പിച്ചു. സെക്രട്ടേറിയറ്റ് സാംസ്കാരികകാര്യ വുപ്പിലെയും, പുരാവസ്തു, പുരാരേഖ, മ്യൂസിയംമൃഗശാല വകുപ്പുകളിലെയും ഉദ്യോഗസ്ഥരും മന്ത്രിയുടെ പേഴ്സണൽ സ്റ്റാഫ് അംഗങ്ങളും ചടങ്ങിൽ പങ്കെടുത്തു. രജിസ്ട്രേഷൻ ഐ.ജി ശ്രീധന്യ സുരേഷ്, കേരളം മ്യൂസിയം എക്സിക്യൂട്ടീവ് ഡയറക്ടർ ചന്ദ്രൻ പിള്ള എന്നിവരുൾപ്പെടെയുള്ളവർ സംസാരിച്ചു.

വിരമിച്ച മ്യൂസിയം മൃഗശാലവകുപ്പ് ഡയറക്ടർ അബു എസിനും പുരാരേഖവകുപ്പ് ഡയറക്ടർ ഇൻചാർജ് പി. ബിജുവിനും ചടങ്ങിൽ യാത്രയയപ്പ് നൽകി. സാംസ്കാരികകാര്യ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി സുഭാഷിണി തങ്കച്ചി നന്ദി പ്രകാശിപ്പിച്ചു.

## കെടെറ്റ് പരീക്ഷ ഹാൾടിക്കറ്റ് ജൂൺ 10 മുതൽ

ഏപ്രിൽ 2024 വിജ്ഞാപന പ്രകാരം നടത്തുന്ന കെടെറ്റ് പരീക്ഷയുടെ ഹാൾടിക്കറ്റ് ലഭ്യമാകുന്ന തീയതി ജൂൺ 10 ആയി പുനഃക്രമീകരിച്ചു.

ജൂൺ 10 മുതൽ https://ktet.kerala.gov.in എന്ന വെബ്സൈറ്റിൽ ഹാൾടിക്കറ്റ് ലഭിക്കും.

ഫോട്ടോ നിരസിക്കപ്പെട്ടിട്ടുള്ള പരീക്ഷാർഥികൾ ജൂൺ 15നു മുമ്പായി വിജ്ഞാപനത്തിൽ നിഷ്കർഷിച്ചിട്ടുള്ള രീതിയിൽ ഫോട്ടോ റീഅപ്ലോഡ് ചെയ്യണം. ജൂൺ 15ന് മുമ്പായി ഫോട്ടോ റീഅപ്ലോഡ് ചെയ്യാത്തവർക്ക് ഹാൾടിക്കറ്റ് ലഭിക്കില്ലെന്നു സെക്രട്ടറി അറിയിച്ചു.

## ആറ്റിങ്ങൽ ഐടിഐയിൽ തൊഴിലധിഷ്ഠിത കോഴ്സുകൾ

ആറ്റിങ്ങൽ ഗവൺമെന്റ് ഐ.ടി.ഐ യിൽ ഐ.എം.സിയുടെ ആഭിമുഖ്യത്തിൽ എസ്.എസ്.എൽ.സി, പ്ലസ്ടു, ഡിഗ്രി യോഗ്യതകൾ ഉള്ളവർക്ക് തൊഴിലധിഷ്ഠിത പ്ലേസ്മെന്റ് സപ്പോർട്ടോടു കൂടിയ എയർപോർട്ട് മാനേജ്മെന്റ്, ഡിജിറ്റൽ മാർക്കറ്റിംഗ്, ഡിജിറ്റൽ ഫോട്ടോഗ്രാഫി ഡിപ്ലോമ കോഴ്സുകളിൽ അഡ്മിഷൻ ആരംഭിച്ചു. കൂടുതൽ വിവരങ്ങൾക്ക് : 9074874208.

## മലബാർ കാൻസർ സെന്ററിൽ റോബോട്ടിക് സർജറി യാഥാർത്ഥ്യമായി; കാൻസറിനുള്ള 5 റോബോട്ടിക് സർജറികൾ വിജയം

തലശേരി മലബാർ കാൻസർ സെന്ററിൽ കാൻസറിനുള്ള റോബോട്ടിക് സർജറി സംവിധാനം യാഥാർഥ്യമായതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. കാൻസറിനുള്ള 5 റോബോട്ടിക് സർജറികൾ വിജയകരമായി ഇതുവരെ പൂർത്തിയായി. വൃക്ക, ഗർഭാശയം, മലാശയം എന്നിവയെ ബാധിച്ച കാൻസറുകൾക്കാണ് റോബോട്ടിക് സർജറി നടത്തിയത്. തിങ്കളാഴ്ച മുതൽ റോബോട്ടിക് സർജറികൾ സാധാരണ പോലെ നടക്കും. ആർസിസിയ്ക്ക് പുറമേ എംസിസിയിലും റോബോട്ടിക് സർജറി യാഥാർഥ്യമായതോടെ സംസ്ഥാനത്ത് കാൻസർ ചികിത്സാ രംഗത്ത് മറ്റൊരു നാഴികക്കല്ല് കൂടി പിന്നിടുകയാണ്. അപ്രാപ്യമായിരുന്ന ഹൈടെക് ചികിത്സാ സങ്കേതങ്ങൾ സാധാരണക്കാർക്ക് ലഭ്യമാക്കുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നതെന്നും മന്ത്രി വ്യക്തമാക്കി. ശസ്ത്രക്രിയയ്ക്ക് നേതൃത്വം നൽകിയ മുഴുവൻ ടീമിനേയും മന്ത്രി അഭിനന്ദിച്ചു.

ഇന്ത്യയിലും വിദേശത്തുമുള്ള വൻകിട ആശുപത്രികളിൽ മാത്രം ലഭ്യമായിരുന്ന റോബോട്ടിക് സർജറി യൂണിറ്റ് സർക്കാർ മേഖലയിൽ ആദ്യമായാണ് ആരംഭിച്ചത്. ആർ.സി.സി.യിലും എം.സി.സി.യിലും റോബോട്ടിക് സർജറി സംവിധാനവും (60 കോടി), ഡിജിറ്റൽ പത്തോളജി മികവിന്റെ കേന്ദ്രങ്ങളും (18.87 കോടി) സജ്ജമാക്കുന്നതിന് റീബിൾഡ് കേരള ഇനിഷ്യേറ്റീവിലൂടെയാണ് തുകയനുവദിച്ചിരുന്നത്. ഇതുകൂടാതെ തിരുവനന്തപുരം മെഡിക്കൽ കോളേജിലും റോബോട്ടിക് സർജറി ആരംഭിക്കുന്നതിന് തുകയനുവദിച്ചിട്ടുണ്ട്.

മിനിമൽ ആക്സസ് ശസ്ത്രക്രിയയാണ് റോബോട്ടിക് സർജറി. ഇത് സർജിക്കൽ റോബോട്ടിന്റെ സഹായത്തോടു കൂടിയാണ് നടത്തുന്നത്. വിവിധ തരത്തിലുള്ള കാൻസറുകളുടെ ചികിത്സയ്ക്ക് റോബോട്ടിക് ശസ്ത്രക്രിയ ഫലപ്രദമാണ്. രോഗിയുടെ വേദന കുറയ്ക്കുക, എത്രയും വേഗം സാധാരണ ജീവിതത്തിലേക്ക് തിരിച്ചു കൊണ്ടു വരിക, ശസ്ത്രക്രിയയ്ക്കിടയിലുള്ള രക്തസ്രാവം നന്നായി കുറയ്ക്കാൻ സാധിക്കുക എന്നിവയൊക്കെയാണ് റോബോട്ടിക് ശസ്ത്രക്രിയയുടെ പ്രധാന ഗുണങ്ങൾ.

## കോടതി ഫീസ് പരിഷ്കരണം: സമതി പൊതുജനങ്ങളിൽനിന്ന് അഭിപ്രായം കേൾക്കുന്നു

സംസ്ഥാനത്തെ കോടതി ഫീസ് പരിഷ്കരണത്തെ സംബന്ധിച്ചു പരിശോധിച്ചു ശുപാർശ സമർപ്പിക്കുന്നതിനു രൂപീകരിച്ച ജസ്റ്റിസ്(റിട്ട.) വി.കെ. മോഹനൻ സമിതി, ഈ വിഷയത്തിൽ പൊതുജനങ്ങളിൽനിന്ന് അഭിപ്രായം കേൾക്കുന്നതിനായി മേഖലാതല ഹിയറിങ് നടത്തും. മൂന്നു മേഖലകളിലായി ജൂൺ 19 മുതൽ 22 വരെയാകും ഹിയറിങ്ങെന്ന് ജസ്റ്റിസ്(റിട്ട.) വി.കെ. മോഹനൻ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

ഉത്തര മേഖലാ ഹിയറിങ്ങിൽ കണ്ണൂർ, കാസർകോഡ് ജില്ലകളുടെ ഹിയറിങ് ജൂൺ 19നു കണ്ണൂർ ഗവ. ഗസ്റ്റ് ഹൗസിൽ നടക്കും. കണ്ണൂർ ജില്ലയുടെ ഹിയറിങ് രാവിലെ 10 മുതൽ 12 വരെയും കാസർകോഡ് ജില്ലയുടേത് ഉച്ചയ്ക്കു രണ്ടു മുതൽ നാലു വരെയുമായിരിക്കും. മലപ്പുറം, കോഴിക്കോട് ജില്ലകളുടെ ഹിയറിങ് 20നു രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒന്നു വരെയും വയനാട് ജില്ലയുടേത് രണ്ടു മുതൽ നാലു വരെയും കോഴിക്കോട് ഗവ. ഗസ്റ്റ് ഹൗസിൽ നടക്കും.

മധ്യ മേഖലാ ഹിയറിങ്ങിൽ പാലക്കാട്, ഇടുക്കി, കോട്ടയം ജില്ലകളുടെ സിറ്റിങ് 21നു രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒന്നു വരെയും എറണാകുളം, തൃശൂർ, ആലപ്പുഴ ജില്ലകളുടെ സിറ്റിങ് ഉച്ചകഴിഞ്ഞു രണ്ടു മുതൽ വൈകിട്ട് അഞ്ചു വരെയും എറണാകുളം ഗവ. ഗസ്റ്റ് ഹൗസിൽ നടക്കും.

ദക്ഷിണ മേഖലാ ഹിയറിങ്ങിൽ തിരുവനന്തപുരം, കൊല്ലം ജില്ലകളുടെ ഹിയറിങ് 22നു രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒന്നു വരെയും പത്തനംതിട്ട ജില്ലയുടേത് വൈകിട്ടു മൂന്നു മുതൽ അഞ്ചു വരെയും തിരുവനന്തപുരം ഗവ. ഗസ്റ്റ് ഹൗസിൽ നടക്കും.

മേഖലാ ഹിയറിങ് കേന്ദ്രങ്ങളിൽ പൊതുജനങ്ങൾക്കു ഹാജരായി വിവരങ്ങൾ വാചികമായോ രേഖാമൂലമോ നൽകാം.

കൺവീനർ, നിയമ സെക്രട്ടറി, കോടതി ഫീസ് പരിഷ്കരണ സമിതി, സെക്രട്ടേറിയറ്റ്, തിരുവനന്തപുരം 695 001 എന്ന വിലാസത്തിലോ ലെര്യ.ഹമം@സലൃമഹ മ.ഴീ.ശി എന്ന ഇമെയിലിലോ അറിയിക്കുകയും ചെയ്യാം. ജസ്റ്റിസ്(റിട്ട.) വി.കെ. മോഹനന്റെ അധ്യക്ഷതയിൽ ഡോ. എൻ.കെ. ജയകുമാർ, അഡ്വ. സി.പി. പ്രമോദ്, നിയമ വകുപ്പ് സെക്രട്ടറി, നികുതി വകുപ്പ് സെക്രട്ടറി എന്നിവർ അംഗങ്ങളായാണു സർക്കാർ സമിതി രൂപീകരിച്ചത്.

തിരുവന്തപുരം തൈക്കാട് ഗവ. ഗസ്റ്റ് ഹൗസ് കോൺഫറൻസ് ഹാളിൽ നടന്ന വാർത്താ സമ്മേളനത്തിൽ നികുതി വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറി എ. ജയതിലക്, നിയമ സെക്രട്ടറി കെ.ജി. സനൽകുമാർ, അഡ്വ. സി.പി. പ്രമോദ് എന്നിവരും പങ്കെടുത്തു.